കേരള ഗവർണ്ണർ

# ശ്രീ. ആർ. എൽ. ഭാട്ടിയ

2007 മാർച്ച് 2-ാം തീയതി

കേരള നിയമസഭയിൽ ചെയ്ത

പ്രസംഗം

*ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,*

12-ാം കേരള നിയമസഭയുടെ ഈ വർഷത്തെ ആദ്യ സമ്മേളനത്തിലേക്ക് നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എടുത്തിട്ടുള്ള സൃഷ്ടിപരമായ നടപടികളും നിർമ്മിച്ചിട്ടുള്ള സുപ്രധാന നിയമങ്ങളും നിമിത്തം കഴിഞ്ഞ ഒൻപതര മാസക്കാലത്തെ ഈ സഭയുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. ഈ കാര്യത്തിൽ നിങ്ങളുടെ എല്ലാവരുടേയും സംഭാവനകളെ ഞാൻ അഭിനന്ദിക്കുന്നു. ഈ സംസ്ഥാനത്തെ സമഗ്ര വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരുന്നതിനുള്ള കഴിവും പ്രതിബദ്ധതയും ഇച്ഛാശക്തിയും നിങ്ങൾക്കുണ്ടെന്ന് എനിക്ക് ഉറപ്പുണ്ട്.

2. 2006-ൽ നടന്ന തെരഞ്ഞെടുപ്പിൽ അഭൂതപൂർവ്വമായ ജനപിന്തുണയോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. തിരുവമ്പാടി നിയമസഭാ നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പു ഫലം കാണിക്കുന്നത് എന്റെ സർക്കാർ അതേ ജനപിന്തുണയോടെ തുടരുന്നുവെന്നുള്ളതാണ്. ഈ ചുരുങ്ങിയ കാലയളവിൽ എന്റെ സർക്കാരിന്റെ നയങ്ങളും കർമ്മ പരിപാടികളും സംസ്ഥാനത്തെ വ്യക്തമായി വികസനത്തിന്റെ പാതയിൽ എത്തിച്ചിട്ടുണ്ട്. എന്റെ സർക്കാരിന് സമൂഹത്തിലെ പാവപ്പെട്ടവരുടേയും പിന്തള്ളപ്പെട്ട വിഭാഗങ്ങളുടേയും കാര്യത്തിൽ എല്ലായ്പ്പോഴും പരിഗണനയുള്ളതും ഈ സമീപനം സർക്കാർ തുടർന്നുകൊണ്ടിരിക്കുന്ന കർമ്മ പരിപാടികളിൽ നിന്നും നയങ്ങളിൽ നിന്നും വ്യക്തമായി പ്രകടമാകുന്നതുമാണ്.

3. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും തൽഫലമായി ഉണ്ടായ കടബാധ്യതയും നിമിത്തം ദുരിതത്തിലാണ്ട വളരെയധികം കർഷകർക്ക് ആശ്വാസം നൽകുക എന്നുള്ളതായിരുന്നു അധികാരമേറ്റപ്പോൾ എന്റെ സർക്കാരിന്റെ മുമ്പിലുണ്ടായിരുന്ന അടിയന്തിര വെല്ലുവിളി. ഏറെ കർഷകർ ആത്മഹത്യ ചെയ്തിട്ടുള്ളതും ആവശ്യമായ സഹായം നൽകി അവരുടെ ആശ്രിതരുടെ സംരക്ഷണം കൂടി ഏറ്റെടുക്കേണ്ടതായും വന്നിട്ടുണ്ട്. എന്റെ സർക്കാരിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഭാരത സർക്കാർ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്കുവേണ്ടി 765 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ട്. സമീപഭാവിയിൽ ആലപ്പുഴ, ഇടുക്കി ജില്ലകൾക്കായി സമാനമായ പാക്കേജുകൾ അനുവദിക്കുമെന്നും പ്രതീക്ഷിക്കുന്നു. ആത്മഹത്യ ചെയ്ത ഓരോ കർഷകരുടേയും കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 50,000 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ എന്റെ സർക്കാർ എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതരായ ആളുകളുടെ ചികിത്സയ്ക്കായി സഹായവും പ്രത്യേക പാക്കേജും കൂടി അനുവദിച്ചിട്ടുണ്ട്. കാർഷിക വായ്പയിൻമേലുള്ള പലിശയും കൂടി കുറവ് വരുത്തിയിട്ടുണ്ട്.

4. നിരവധി കർഷകരെ ആത്മഹത്യയിലേക്ക് നയിച്ച അത്യന്തം ഗുരുതരമായ കാർഷിക പ്രതിസന്ധിയും പരമ്പരാഗത തൊഴിൽ മേഖലയിലുണ്ടായ ഗുരുതരമായ പ്രതിസന്ധിയും, ശ്രദ്ധേയമായ നേട്ടങ്ങളാൽ കഴിഞ്ഞകാലത്ത് അന്തർദ്ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതും "കേരള മാതൃക" എന്ന് വിശേഷിപ്പിച്ചിരുന്നതുമായ സംസ്ഥാനത്തിന്റെ സാമൂഹ്യ മേഖലയുടെ തകർച്ചയും അഭിമുഖീകരിക്കുന്ന ഒരു കാലഘട്ടത്തിലാണ് സംസ്ഥാനത്തിന്റെ പതിനൊന്നാം പദ്ധതിക്ക് രൂപം നൽകിക്കൊണ്ടിരിക്കുന്നത്. ആനുകാലിക നിലവാരത്തിൽ അഞ്ച് വർഷക്കാലത്തേക്ക് നിർദ്ദേശിച്ചിരിക്കുന്ന 40422 കോടി

രൂപയുടെ പദ്ധതി വിഹിതം പത്താം പദ്ധതിക്കാലത്ത് യഥാർത്ഥത്തിൽ ചെലവായ തുകയെക്കാൾ അമ്പത് ശതമാനം കൂടുതലാണ്. 2007-2008-ലെ വാർഷിക പദ്ധതി 6950 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സൂര്യോദയ മേഖലകളായി വിശേഷിപ്പിക്കപ്പെടുന്ന വിവരസാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, ടൂറിസവും ആധുനിക വ്യവസായവും എന്നിവയുടെ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കൃഷിയേയും പരമ്പരാഗത വ്യവസായത്തേയും പുനരുദ്ധരിക്കുന്നതിലും സാമൂഹ്യമേഖലയിലെ നേട്ടങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുന്നതിലും ഊന്നുന്ന സമീപനമാണ് പതിനൊന്നാം പദ്ധതിയിൽ സ്വീകരിക്കുന്നത്. വൻകിട വ്യവസായ സംരംഭകരെ സ്വാഗതം ചെയ്യുന്നതോടൊപ്പം തദ്ദേശീയ വ്യവസായ സംരംഭങ്ങളെ കൈയയച്ചുസഹായിക്കുന്നതുവഴി "താഴെത്തട്ടിൽ നിന്നുള്ള വികസന" പ്രക്രിയ കൂടിയാണ് വിഭാവനം ചെയ്യുന്നത്. പാവപ്പെട്ടവർക്കുവേണ്ടിയുള്ള മൊത്തം 1963 കോടി രൂപ മുതൽ മുടക്കു വരുന്ന 12 "ഫ്ളാഗ് ഷിപ്പ്" പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ് ഈ പദ്ധതിയുടെ ശ്രദ്ധേയമായ ഒരു സവിശേഷത. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, ലിംഗാവബോധം, തൊഴിൽ, സാമൂഹ്യ സുരക്ഷ, ചെറുകിട ഉൽപ്പന്നങ്ങളുടെ വിറ്റഴിക്കൽ, ചെറുകിട വ്യവസായവും വിവരസാങ്കേതിക വിദ്യയും, പോഷകാഹാരം, ഗ്രാമീണ ഊർജ്ജം, ഭരണപരിഷ്ക്കാരങ്ങൾ എന്നിവയാണ് ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനസംഖ്യയുടെ താഴെത്തട്ടിൽ വരുന്ന 30 ശതമാനം ജനങ്ങൾക്ക് സൗജന്യ ആരോഗ്യ സംരക്ഷണവും ബാക്കിയുള്ളവർക്ക് താങ്ങാവുന്ന ചെലവിൽ ആരോഗ്യ സംരക്ഷണവും അതുവഴി സാർവ്വത്രികമായ ആരോഗ്യ സുരക്ഷിതത്വം നേടിയെടുക്കലും, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കും പ്ലസ്ടു വിദ്യാർത്ഥികൾക്കുംകൂടി ഉച്ചഭക്ഷണ പദ്ധതിയുടെ വ്യാപനവും, ഗവേഷണ വിദ്യാർത്ഥികൾക്കായി വിപുലമായ ഫെല്ലോഷിപ്പുകൾക്കുള്ള പദ്ധതിയും, പ്ലസ്ടു, കോളേജ്, സർവ്വകലാശാല വിദ്യാർത്ഥികൾക്ക്

സ്കോളർ ഷിപ്പുകളും, കോളേജുകളിലും സർവ്വകലാശാലകളിലും 200 അധിക തസ്തികകൾ സൃഷ്ടിക്കലും പുതിയ വീടുകൾ നിർമ്മിച്ചുകൊടുത്തും പഴയ വീടുകൾ നവീകരിച്ചും എല്ലാ പാവപ്പെട്ട കുടുംബങ്ങൾക്കും, സൗജന്യപാർപ്പിടം ഉറപ്പുവരുത്തിക്കൊണ്ടും, സംസ്ഥാനത്തെ നെല്ലുൽപ്പാദനം പുനരുജ്ജീവിപ്പിക്കുന്നതിനും നാണ്യവിള സമ്പദ്‌വ്യവസ്ഥയ്ക്ക് സുസ്ഥിരത നൽകുന്നതും ഉൾപ്പെടെയുള്ളതാണ് ഈ പദ്ധതികൾ വഴി നേടാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. മൊത്തത്തിൽ പതിനൊന്നാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തെ ജനതയ്ക്ക് ഒരു പുതിയ അനുഭവം വാഗ്ദാനം ചെയ്യുന്നു.

5. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ ന്യായവും നീതിയും പ്രാപ്യതയും ഉറപ്പാക്കുകയായിരുന്നു എന്റെ സർക്കാരിന്റെ മുമ്പിലുണ്ടായിരുന്ന മറ്റൊരു വെല്ലുവിളി. മുൻ സർക്കാരിന്റെ നയങ്ങൾ പ്രൊഫഷണൽ വിദ്യാഭ്യാസത്തെ സമ്പൂർണ്ണമായ വാണിജ്യവൽക്കരണത്തിലേക്ക് നയിക്കുകയുണ്ടായി. പാവപ്പെട്ടവരും മദ്ധ്യവർത്തികളുമായ പ്രൊഫഷണൽ വിദ്യാഭ്യാസ കാംക്ഷികൾക്ക് അവസരങ്ങൾ നിഷേധിക്കുന്ന തരത്തിലായിരുന്നു സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്റെയും ഫീസിന്റെയും ഘടന. അൺഎയ്ഡഡ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്തുന്നതിനു വേണ്ടി എന്റെ സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഈ നിയമത്തിലെ ചില വ്യവസ്ഥകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദാക്കിയെങ്കിലും അതിനെതിരായി എന്റെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. ഈ പരിമിതിയോടുകൂടിയാണെങ്കിലും ഈ മേഖലയിൽ നീതിയും സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിന് നടപടിയെടുക്കാൻ ഒരു പരിധിവരെ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

6. സംസ്ഥാനത്ത് സമാധാനവും മതസൗഹാർദ്ദവും നിലനിർത്താൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മതസൗഹാർദ്ദം തകർക്കാനുള്ള ചില ശക്തികളുടെ ശ്രമങ്ങൾ

സഹിക്കാവുന്നതല്ല. അടുത്തകാലത്ത് ബാലരാമപുരത്തും, തിരൂരും താനൂരും അത്തരം ശ്രമങ്ങൾ നടക്കുകയുണ്ടായി. എന്നാൽ അവരുടെ ദുഷ്ട ലക്ഷ്യങ്ങളെ ജനാധിപത്യ മതേതര ശക്തികളുടെ പിന്തുണയോടെ പോലീസ് നിഷ്ഫലമാക്കി. സാമുദായിക സംഘർഷത്തിനു ശ്രമിക്കുന്ന അത്തരം ശക്തികളെ അടിച്ചമർത്തുന്നതിന് തുടർന്നും എന്റെ സർക്കാർ ജാഗരൂകമായിരിക്കുന്നതാണ്.

7. സംസ്ഥാന സർക്കാരുകളുടെ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് യു. പി. എ. സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ സഹായകരമല്ല. സംസ്ഥാന സർക്കാരുകൾ വികസനകാര്യത്തിനുള്ള ഫണ്ടിനുവേണ്ടി വിഷമിക്കുമ്പോഴും സേവന നികുതി വഴി സ്വരൂപിച്ച വരുമാനം പങ്കുവെയ്ക്കുന്നതിന് ഭാരത സർക്കാർ തയ്യാറാകുന്നില്ല. കേന്ദ്രസർക്കാരിന്റെ നയങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും സ്വകാര്യ കുത്തക മേഖലകൾക്ക് സൗജന്യങ്ങൾ നൽകുകയും ചെയ്യുമ്പോൾ എന്റെ സർക്കാർ പൊതുമേഖലയെ ശക്തിപ്പെടുത്താനും അവയെ ലാഭകരമാക്കാനുമാണ് ശ്രമിച്ചുവരുന്നത്. ഇടതുപാർട്ടികളുടെ ശക്തമായ പ്രതിഷേധത്തെ അവഗണിച്ചുകൊണ്ടുള്ള ഭാരത സർക്കാരിന്റെ ഈ സമീപനം, അംഗീകരിച്ച പൊതുമിനിമം പരിപാടിക്ക് എതിരായിട്ടുള്ളതും കൂടിയാണ്. റീട്ടെയിൽ മേഖലയിലേക്ക് നേരിട്ടുള്ള വിദേശനിക്ഷേപം നടത്തുന്നതിനുള്ള ഭാരത സർക്കാരിന്റെ ഏതൊരു ശ്രമവും വളരെയേറെയുള്ള ചെറുകിട വ്യാപാരികൾക്ക് ഹാനിയുണ്ടാക്കുന്നതിന് മാത്രമേ ഉതകുകയുള്ളുവെന്നതാണ് എന്റെ സർക്കാരിന്റെ അഭിപ്രായം. രാജ്യത്തുടനീളം വളരെയേറെ കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ കേന്ദ്ര സർക്കാർ കാർഷിക മേഖലയോടുള്ള അവഗണന തുടരുകയാണ്. എന്റെ സർക്കാർ അതിന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് ഈ പ്രശ്നങ്ങൾ ഭാരതസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും അവ സാധ്യമായ എല്ലാ വേദികളിലും ഉയർത്തിക്കാണിച്ചു

കൊണ്ടിരിക്കുന്നതും തൻമൂലം കേരളത്തിന് വിഭവങ്ങളുടെ പങ്കുവയ്ക്കലിൽ അർഹമായ വിഹിതവും കാർഷിക മേഖലയുടെ വികസനത്തിന് പ്രത്യേക സഹായവും ലഭിക്കുന്നുമുണ്ട്.

8. പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളും പ്ലാന്റേഷനുകളും വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ സാധ്യമായ എല്ലാ ശ്രമങ്ങളും കൈക്കൊള്ളുന്നതാണ്. പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകളും വ്യവസായ യൂണിറ്റുകളും വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി വീണ്ടും തുറക്കുമ്പോൾ ആ യൂണിറ്റുകളുടെ പൂട്ടിക്കിടന്ന കാലയളവിലുള്ള മിനിമം ഡിമാന്റ് ചാർജ്ജുകൾ വേണ്ടെന്നുവെയ്ക്കാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റിലെ ജോലിക്കാരുടെ ക്ഷേമത്തിനുവേണ്ടി എന്റെ സർക്കാർ ഒരു നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. ജലത്തിന്റെയും വായുവിന്റെയും മലിനീകരണമാണ് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന് കാരണമായിട്ടുള്ളത്. ഇത് അതിജീവിക്കുന്നതിനായി സർക്കാർ മുന്തിയ പരിഗണന നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എല്ലാവിധത്തിലുള്ള മലിനീകരണവും ഇല്ലാതാക്കുന്നതിന് "മാലിന്യ മുക്ത കേരളം" എന്ന പേരിൽ ഒരു പരിപാടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

9. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് രൂപീകരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃതമായ മിക്ക പദ്ധതികളുടെയും നടത്തിപ്പ് എന്റെ സർക്കാർ പുനഃപരിശോധിക്കുന്നതാണ്. സംസ്ഥാന സർക്കാർ ഈ പദ്ധതികളിൽ നമ്മുടെ ആവശ്യങ്ങൾക്ക് ഇണങ്ങുന്ന വിധത്തിൽ മതിയായ മാററങ്ങൾ വരുത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനോട് ഇതിനകം അഭ്യർത്ഥിച്ചിട്ടുണ്ട്. സി. എസ്. എസി.നു കീഴിലുള്ള മുഴുവൻ പങ്കുവെയ്ക്കലും ഗ്രാന്റ് വഴിയായിരിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുമുണ്ട്.

10. സംസ്ഥാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി തിരുവനന്തപുരം വിമാനത്താവളത്തിൽ പുതിയ അന്താരാഷ്ട്ര ടെർമിനലിനും, എയർ ഇൻഡ്യയുടെ എയർ ക്രാഫ്റ്റ് മെയിന്റനൻസിനും തറക്കല്ലിടുകയുണ്ടായി.

11. യാതൊരു വിധത്തിലുള്ള അഴിമതിയും പൊറുക്കുന്നതല്ലെന്നും, കൂടാതെ ഭരണരംഗത്ത് സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനായി കഠിനാദ്ധ്വാനം ചെയ്യുന്നതാണെന്നും എന്റെ സർക്കാർ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അഴിമതിരഹിതമായ ഒരു സിവിൽ സർവ്വീസ് ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. വളരെക്കാലമായി തീർപ്പുകൽപ്പിക്കാതെയുള്ളതും, ഗൗരവമേറിയതുമായ അഴിമതി കേസുകളിൽ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. അന്വേഷണക്കാലയളവിൽ, അഴിമതിയിലേക്ക് നയിച്ച പോരായ്മകളും പഴുതുകളും തിരിച്ചറിയുന്നതിനുള്ള രീതികളും, നടപടിക്രമങ്ങളും ബ്യൂറോ പ്രത്യേകമായി പരിശോധിക്കുന്നതും പരിഹാരനടപടികൾ നിർദ്ദേശിക്കുന്നതുമാണ്. പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ, വസ്തു വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും ഫോട്ടോ തിരിച്ചറിയൽ രീതി നടപ്പാക്കണമെന്ന വിജിലൻസിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുള്ളതും, ആയത് നടപ്പാക്കുന്നതുമാണ്. എന്റെ സർക്കാർ എല്ലാ തരത്തിലുള്ള അഴിമതിയും ഉന്മൂലനാശം ചെയ്യുന്നതിന് കഴിയുന്നത്ര സാദ്ധ്യമായ വളരെ ശക്തമായ പ്രവർത്തനങ്ങളെടുക്കുന്നതിനു മടിക്കുന്നതല്ല. എന്റെ സർക്കാർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പ് മുഖേന കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിലെയും, തിരുവിതാംകൂർ ദേവസ്വം ബോർഡിലെയും അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്നതിന് ഇതിനകം ഉത്തരവായിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്തുള്ള, കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അഴിമതിയെപ്പറ്റി അന്വേഷണം നടത്താൻ സി. ബി. ഐ.യെ ഏൽപ്പിച്ചിട്ടുണ്ട്.

12. എന്റെ സർക്കാർ കാർഷിക വികസനത്തിനും, കർഷകരുടെ ക്ഷേമത്തിനും പ്രതിജ്ഞാബദ്ധമാണ്. കൃഷിവകുപ്പിന്റെ പേര് 'കൃഷിയും കർഷക ക്ഷേമവും വകുപ്പ്' എന്ന് മാറ്റുന്നതാണ്. 2007–08 വർഷം കൃഷിയുടെയും കർഷകരുടെയും ഹരിതവർഷമായി പ്രഖ്യാപിക്കുന്നതാണ്. 15 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനും "ഹരിതശ്രീ" എന്ന ഒരു പദ്ധതി ആരംഭിക്കുന്നതാണ്. ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതും അതിന്റെ സാങ്കേതികവിദ്യ ഗ്രാമീണ കർഷകരിലേക്ക് വ്യാപകമായി കൈമാറുകയും ചെയ്യുന്നതുമാണ്. ജൈവകൃഷി അടിസ്ഥാനമാക്കിയുള്ള "പച്ചക്കറി ജില്ല"കളായി പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളെ വികസിപ്പിക്കുന്നതാണ്. ജൈവകൃഷിക്ക് ഊന്നൽ നൽകി 100 ജൈവ ഗ്രാമങ്ങൾകൂടി ആരംഭിക്കുന്നതാണ്. നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരുടെ സ്വയം സഹായ സംഘത്തെ ഉൾപ്പെടുത്തി "കേരശ്രീ" പദ്ധതി ആരംഭിക്കുന്നതാണ്. നെൽകൃഷി വികസനത്തിന് "കേരളശ്രീ" എന്ന ഒരു പുതിയ പദ്ധതികൂടി ആരംഭിക്കുന്നതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി നെൽകൃഷി നടത്തുന്ന പ്രദേശത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്ന പ്രവണത ഒരു സുപ്രധാന സംഗതിയാണ്. ഈ പ്രവണത നിയന്ത്രിക്കുന്നതിന് എന്റെ സർക്കാർ അനുയോജ്യമായ നിയമനിർമ്മാണം കൊണ്ടുവരുന്നതാണ്. ഈ രംഗത്തെ കുത്തകക്കാരുടെ കടന്നാക്രമണത്തിൽനിന്ന് നമ്മുടെ കർഷകരുടെ താത്പര്യം സംരക്ഷിക്കുവാനുതകുന്നവിധം കാർഷിക വിപണി നിയന്ത്രിക്കുന്നതിന് മറ്റൊരു നിയമനിർമ്മാണത്തിനും ഉദ്ദേശിക്കുന്നു. "കർഷക ക്ഷേമനിധി"യിൻ കീഴിൽ കർഷകർക്ക് സുരക്ഷിതത്വം നൽകുന്നതിന് "കിസാൻശ്രീ" എന്ന ഒരു പദ്ധതികൂടി ആരംഭിക്കുന്നതാണ്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ പദ്ധതികൾ നടപ്പാക്കുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൻ കീഴിൽ ഒരു ഉന്നതാധികാര ഉപദേശക സമിതി രൂപീകരിക്കുന്നതാണ്.

13. പതിനൊന്നാം പദ്ധതിക്കാലയളവിൽ ഊർജ്ജിത ക്ഷീര വികസന പദ്ധതിയിലൂടെ ക്ഷീരോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് എന്റെ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ ചെറുതും വലുതുമായ ക്ഷീരവാണിജ്യ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും, കന്നുകാലി സമ്പത്ത് ഗുണമേന്മ ഉള്ളതാക്കുന്നിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി വ്യവസായ സംരംഭ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളെ "*നേറ്റീവ് മലബാർ ഗോട്ട്സ് പ്യൂർ ബ്രീഡ് ട്രാക്ക്*" ആയി വികസിപ്പിക്കുന്നതാണ്. എൻ. ആർ. ഐ. പങ്കാളിത്തത്തോടെ ഒരു സംയുക്ത സംരംഭപദ്ധതി സ്ഥാപിച്ചുകൊണ്ട് വയനാട് ജില്ലയെ ക്ഷീരോൽപ്പാദനത്തിന്റെയും ക്ഷീരോൽപ്പന്നങ്ങളുടെയും ഒരു മുഖ്യ കേന്ദ്രമാക്കിമാറ്റുന്നതാണ്. മുട്ടയുടെ ഉല്പാദനം ഇരട്ടിയാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന പൗൾട്രി ഡവലപ്പ്മെൻറ് കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പൗൾട്രി വില്ലേജ് എന്നപേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തെ ഡിസ്ട്രിക്റ്റ് വെറ്ററിനറി സെന്റർ ഒരു സൂപ്പർ സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലാക്കി വികസിപ്പിക്കുന്നതാണ്.

14. കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ഒരു വലിയ അളവുവരെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്ന സഹകരണസ്ഥാപനങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് ഗുരുതരമായ ദുർഭരണത്തിലായിരുന്നു. എന്റെ സർക്കാർ, അഴിമതിയും ദുർഭരണവും തടയുന്നതിനും അവയെ ശക്തിപ്പെടുത്തി വിജയകരവും സാമ്പത്തിക സ്ഥിരതയുമുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള എല്ലാ ശ്രമങ്ങളും എടുത്തുവരുന്നു. കർഷകർക്ക് സൗജന്യ പലിശ നിരക്കിൽ വായ്പ യഥാസമയം ഉറപ്പുവരുത്തുന്നതിനുവേണ്ടി എന്റെ സർക്കാർ കാർഷിക വായ്പയിൻമേലുള്ള പലിശ നിരക്ക് കുറയ്ക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. ഇനിയും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

15. കേരള പിറവിയിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ "സഹകരണ നിക്ഷേപം കേരളീയം" എന്ന ഒരു പ്രത്യേക നിക്ഷേപ സമാഹരണ പദ്ധതി വഴി 4 ലക്ഷം പുതിയ അംഗങ്ങളെ കൂടുതലായി ഉൾപ്പെടുത്തിക്കൊണ്ട് 1260 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്റെ സർക്കാർ കൂടുതൽ സഹകരണ ആശുപത്രികളും, ആധുനിക ക്ലിനിക്കൽ ലബോറട്ടറികളും ബ്ലഡ് ബാങ്കുകളും സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ്. സഹകരണ വകുപ്പിന്റെ പുനഃസംഘടനയ്ക്കായി പ്രത്യേക പ്രാധാന്യം നൽകുന്നതാണ്. 4 ശതമാനം പലിശ നിരക്കിൽ പാവപ്പെട്ട സ്ത്രീകളുടെ വിവാഹ ചെലവുകൾ വഹിക്കുന്നതിന് ഒരു പുതിയ പദ്ധതിയിൻകീഴിൽ വായ്പ ലഭ്യമാക്കുന്നതാണ്. അവശ്യ സാധനങ്ങളുടെ കുറഞ്ഞ വിലയ്ക്കുള്ള ലഭ്യത ഉറപ്പാക്കുന്നതിൽ കൺസ്യൂമർ ഫെഡും പ്രാഥമിക സഹകരണ സ്ഥാപനങ്ങളും സജീവമായി മുഴുകിയിരിക്കുന്നു. സഹകരണ മേഖലയിൽ ഉന്നത മാനേജ്മെന്റ് കോഴ്സുകൾ വാഗ്ദാനം ചെയ്തുകൊണ്ട് തിരുവനന്തപുരത്ത് നെയ്യാർഡാമിന് സമീപം കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനം സ്ഥാപിക്കുന്നതാണ്.

16. നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്റെ സർക്കാർ എല്ലായ്പ്പോഴും അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടുണ്ട്. സാംസ്കാരിക കെട്ടിടങ്ങളുടെ ശാസ്ത്രീയ സംരക്ഷണത്തിനും മ്യൂസിയങ്ങളുടെയും ആർട്ട് ഗ്യാലറികളുടെയും നവീകരണം നടപ്പിലാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. സാമൂഹിക സാംസ്കാരിക രംഗത്തെ ഉന്നത വ്യക്തികളുടെ സ്മാരക കേന്ദ്രങ്ങൾ കൂടി വികസിപ്പിക്കുന്നതാണ്. കലാമണ്ഡലത്തെ ഒരു കല്പിത സർവ്വകലാശാലയായി രൂപാന്തരപ്പെടുത്തുന്നതാണ്.

17. എന്റെ സർക്കാർ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരമ പ്രാധാന്യം നൽകുന്നതും സംസ്ഥാനത്തിന് വേണ്ടി ഒരു പരിസ്ഥിതി നയം രൂപീകരിക്കുന്നതുമാണ്. പെരിയാർ സംരക്ഷണ

പദ്ധതി ഏകോപിപ്പിക്കുന്നതും കോഴിക്കോട്ട് മാതൃകാ ഖരമാലിന്യ സംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതും പെരിയാറിലെ ജലഗുണനിലവാരം നിരീക്ഷിക്കുന്നതിന് ഏലൂരിൽ പര്യവേക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതും വേമ്പനാട് കായലിന്റെ സംരക്ഷണത്തിന് വേണ്ടിയുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്നതുമാണ്, മലിനീകരണ നിയന്ത്രണ ബോർഡ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ചില പരിപാടികൾ.

18. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യത്തിന്മേൽ ശരിയായ നിയന്ത്രണം ഉണ്ടാക്കുന്നതിനായി എല്ലാ ട്രഷറികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുള്ളതും ഒരു ഡയൽ അപ് സമ്പ്രദായം പ്രവർത്തനസജ്ജമാക്കിയിട്ടുള്ളതും അതുവഴി എല്ലാ ട്രഷറികളിലേയും ഒരു ദിവസത്തെ മുഴുവൻ ഇടപാടു വിവരങ്ങളും അയയ്ക്കുന്നതും കേന്ദ്ര സർവ്വറിലേക്ക് സമാഹരിക്കുന്നതുമാണ്. ഇടപാടുകാരായ പൊതുജനങ്ങളുടെ താൽപ്പര്യ സംരക്ഷണാർത്ഥവും സർക്കാർ പണത്തിന്റെ പുറത്തേക്കുള്ള ഒഴുക്ക് ഫലപ്രദമായി നിയന്ത്രിക്കുന്നതിനുമായി ട്രഷറികളെ ഏജൻസി ബാങ്കുകളുമായി ബന്ധപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ട്രഷറികളെ പരസ്പരം ബന്ധിപ്പിക്കുന്നത് അനായാസമാക്കുന്നതിനുള്ള "വൈഡ് ഏരിയ നെറ്റ് വർക്ക്" ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ജോലി നടന്നുകൊണ്ടിരിക്കുകയാണ്. ട്രഷറികളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന സേവിംഗ്സ് ബാങ്ക് സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. അങ്ങനെ സ്വീകരിച്ചിട്ടുള്ള നിക്ഷേപങ്ങൾ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതും പകരം നിക്ഷേപകർക്ക് അവരുടെ നിക്ഷേപങ്ങളിന്മേൽ ആകർഷകങ്ങളായ പലിശ ലഭിക്കുന്നതുമാണ്.

19. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിന്റെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. പ്രീമിയം വരുമാനത്തിൽ വർദ്ധനവ് ഉറപ്പ്

വരുത്തുന്നതിനായി എൽ. ഐ. സി. ഉൽപ്പന്നങ്ങൾക്ക് സമാനമായി ലൈഫ് ബ്രാഞ്ചിൽ ഒന്നോ രണ്ടോ പുതിയ ഉൽപ്പന്നങ്ങളുടെ അവതരണത്തിന് വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി "മത്സ്യ ധന്യ" എന്ന പേരിൽ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്കു കൂടി പ്രസ്തുത വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

20. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് നിയമ നിർമ്മാണം നടത്തുന്നതിനും ഒരു സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. മൽത്സ്യത്തൊഴിലാളി സമൂഹത്തിനുവേണ്ടി ഒരു സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യ വിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന 40,000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പകൾ ലഭ്യമാക്കുന്നതാണ്. മത്സ്യ വിപണനത്തിന് പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതും മുദ്രണവും സാക്ഷ്യപ്പെടുത്തലും സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് അങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതുമാണ്. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ 100 മാതൃകാ മത്സ്യച്ചന്തകൾ സ്ഥാപിക്കുന്നതുമാണ്. തലായി (തലശ്ശേരി), കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടപ്പുവർഷം തന്നെ ആരംഭിക്കുന്നതാണ്.

21. ഒരു പുതിയ തുറമുഖനയം രൂപീകരിക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സമുദ്ര സംബന്ധമായ പ്രവർത്തനങ്ങളുടെ വികസനത്തിനുവേണ്ടി ഒരു മാരിടൈം ഡവലപ്പ്മെന്റ് ബോർഡ് സ്ഥാപിക്കാനും ഉദ്ദേശമുണ്ട്. തിരുവനന്തപുരത്തും കാസർഗോഡുമായി രണ്ടു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനും കൂടി സർക്കാർ പദ്ധതിയിട്ടുവരുന്നു.

ഭാരത സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതി ഉപയോഗിച്ച് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു കർമ്മപരിപാടി സർക്കാർ തുടങ്ങിക്കഴിഞ്ഞു. വിഴിഞ്ഞത്തെ ഡീപ് വാട്ടർ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പുനർലേലം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

22. അവശ്യസാധനങ്ങളുടെ വിലവർദ്ധനയാണ് സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. ഇതൊരു ദേശവ്യാപകമായ പ്രശ്നമാണെങ്കിലും രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും അവശ്യവസ്തുക്കൾ വലിയ അളവിൽ ഇറക്കുമതി ചെയ്യുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിനെ ഇത് കൂടുതൽ ദുർബലപ്പെടുത്തുന്നുണ്ട്. ഇപ്പോഴുള്ള വിലവർദ്ധനവ് സമീപകാലത്ത് അനുഭവപ്പെട്ടതിനെക്കാൾ വളരെ ഉയർന്നതാണെന്നത് മാത്രമല്ല തികച്ചും വിഭിന്നമായ കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതുമാണ്. ***കേന്ദ്ര സർക്കാർ അനുവർത്തിച്ചു വരുന്ന നവ ഉദാരവൽക്കരണ നയത്തിന്റെ നേരിട്ടുള്ള ഫലമാണ് ഈ വിലക്കയറ്റം.*** ഉദാരവൽക്കരണ കാലത്തുള്ള വിലവർദ്ധനവ് സാധാരണയായി ചോദനം (ഡിമാന്റ്) അധികമായതുകൊണ്ട് ഉണ്ടാകുന്നതല്ല, മറിച്ച് ഉൽപ്പാദനച്ചെലവ് ഉയരുന്നതുമൂലം ഉണ്ടാകുന്നതാണ്. കാരണം ഉദാരവൽക്കരണ നയങ്ങൾ സർക്കാരിന്റെ ചെലവുകളെ വെട്ടിക്കുറച്ചുകൊണ്ട് സാധാരണ ജനങ്ങളുടെ ചോദനം (ഡിമാന്റ്) ചുരുക്കുന്ന തരത്തിലുള്ളതാണ്. (ഇത് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റുകളിൽ പ്രകടമാണ്.) ഇപ്പോഴത്തെ വിലക്കയറ്റം ചോദനം അധികമായതുകൊണ്ടുണ്ടായതോ സർക്കാർ ചെലവുകൾ കൂടിയതോ അതുവഴി ജനങ്ങളുടെ ക്രയശേഷി കൂടിയതുകൊണ്ടോ ഉണ്ടായതല്ല, മറിച്ച് സർക്കാർ ചെലവ് വർഷങ്ങളായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നതും

ചെറുകിട ഉൽപ്പാദകർക്ക് നൽകിക്കൊണ്ടിരുന്ന സർക്കാർ ആനുകൂല്യങ്ങൾ പിൻവലിച്ചതും അവശ്യ വസ്തുക്കളുടെ പ്രദാനം (സപ്ലൈ) കുറഞ്ഞതുമാണ് ഈ വിലക്കയറ്റത്തിന്റെ കാരണം. ഇവയുടെ ആളോഹരി ഉൽപ്പാദനം (ഭക്ഷ്യധാന്യങ്ങളാണ് നല്ല ഉദാഹരണം) ഗണ്യമായി ഇടിഞ്ഞിരിക്കുകയാണ് എന്നതുകൊണ്ട് പൊതുചെലവുകൾ വെട്ടിച്ചുരുക്കിയതുമൂലമുണ്ടായ ചോദനച്ചുരുക്കത്തെപ്പോലും അതിജീവിച്ചുകൊണ്ട് വിലകൾ ഉയരുകയാണ് ചെയ്യുന്നത്. സംഭരണസംവിധാനങ്ങളെ തകർത്തു കൊണ്ടിരിക്കുന്നതും അവധിവ്യാപാരത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ളതുമായ കേന്ദ്ര സർക്കാരിന്റെ നയങ്ങൾ ദൗർലഭ്യത്തിന്റെ ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കി. സ്വതന്ത്ര വിപണിയിലേക്കുള്ള മുന്നേറ്റത്തിന്റെ ഭാഗമെന്ന് കരുതപ്പെടുന്ന ഇത്തരത്തിലുള്ള നടപടികൾ പ്രദാനത്തെ കൂടുതൽ ചുരുക്കുകയും ഊഹക്കച്ചവടത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഊഹക്കച്ചവടത്തെ നിയന്ത്രിക്കുക, വിതരണ നിയന്ത്രണം ഏറ്റെടുക്കുക, വിലനിയന്ത്രണ നടപടികൾ സ്വീകരിക്കുക എന്നിവയ്ക്ക് പകരം പണപ്പെരുപ്പത്തിനെതിരെയുള്ള ഒരുപാധിയായി, കേന്ദ്രസർക്കാർ ജനങ്ങൾക്ക് ലഭ്യമായിരുന്ന ക്രയശേഷിയെ വീണ്ടും വെട്ടിച്ചുരുക്കികൊണ്ടിരിക്കുന്നതാണ് ഇപ്പോഴത്തെ അപകടം. ഇത് ജനങ്ങളെ ഞെക്കിപ്പിഴിയുന്ന അവസ്ഥ ഇല്ലാതാക്കുകയല്ല മറിച്ച് അതിന്റെ രൂപം മാറ്റുക മാത്രമാണ് ചെയ്യുക. ഉയരുന്ന വിലകളിലൂടെയുള്ള ഞെക്കിപ്പിഴിയലിനുപകരം ക്രയശേഷി അപഹരിച്ചെടുത്തുകൊണ്ടായിരിക്കും ജനങ്ങൾ ശിക്ഷിക്കപ്പെടുക എന്നുമാത്രം.

23. അവശ്യ സാധനങ്ങളുടെ വിലവർദ്ധനയ്ക്കുള്ള മൂലകാരണം കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളാണ്. ഭാരതസർക്കാർ, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വിഹിതം കുറച്ചത് വിലവർദ്ധനവിനും നമ്മുടെ പൊതുവിതരണ സമ്പ്രദായത്തെ ദുർബലമാക്കുന്നതിനും ഇടയാക്കിയിട്ടുള്ളതാണ്. ഈ

ഭയാനകമായ സ്ഥിതിവിശേഷത്തെ തരണം ചെയ്യുന്നതിന്, അവശ്യസാധനങ്ങൾ നേരിട്ട് ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും വാങ്ങുകയും സബ്സിഡി നൽകി കമ്പോളവിലയേക്കാളും താഴ്ന്ന വിലയിൽ കൺസ്യൂമർഫെഡും സപ്ലൈകോയും സഹകരണ സംഘങ്ങളും വഴി വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. പൊതു വിതരണ സംവിധാനം ശക്തിപ്പെട്ടെന്നും റേഷൻ സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിയെന്നും ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ ഫലപ്രദമായി നടപടികൾ എടുത്തിട്ടുണ്ട്. ഫുഡ് അഡ്വൈസറി കം വിജിലൻസ് കമ്മിറ്റികൾ എല്ലാതലങ്ങളിലും പുനഃസംഘടിപ്പിച്ചു കഴിഞ്ഞു. അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും വില നിരീക്ഷണ സെല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ എടുത്തുവരുന്നതുമാണ്. തദ്ദേശ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹായത്തോടുകൂടി എ. പി. എൽ., ബി. പി. എൽ. പട്ടികകളിലെ അപാകതകൾ പരിഹരിക്കുന്നതുമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഉപഭോക്തൃ വസ്തുക്കളിൽ 80 ശതമാനം വരെ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. ആയതിനാൽ ശക്തമായ കമ്പോള ഇടപെടലിന് ഭാരതസർക്കാരിൽ നിന്നും പ്രത്യേക സഹായം അത്യാവശ്യമാണ്.

24. താങ്ങാവുന്ന വിലയിൽ സുസ്ഥിരമായ വിതരണ സമ്പ്രദായം നിലനിർത്തുന്നതിനായി കൃത്രിമ വിലക്കയറ്റത്തിലേക്ക് നയിക്കുന്ന ദുഷ്പ്രവൃത്തികളെ തടയുന്നതിനായി എന്റെ സർക്കാർ കൂടുതൽ ഫണ്ടുകൾ നൽകി കമ്പോള ഇടപെടൽ പദ്ധതി ശക്തിപ്പെടുത്തുന്നതാണ്. എല്ലാ ജില്ലകളും ഉൾക്കൊള്ളുന്ന വിധത്തിൽ പുതിയ പെട്രോൾ ബങ്കുകൾ ഈ വർഷം തന്നെ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. അരിയാക്കി മാറ്റി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിനായി

കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരിക്കുന്ന പദ്ധതി സർക്കാർ തുടരുന്നതാണ്. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന ജില്ലാതലങ്ങളിൽ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ രൂപീകരിച്ചു വരുന്നു.

25. വനങ്ങളുടെയും വന്യജീവികളുടെയും പരിപാലനത്തിനും സംരക്ഷണത്തിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന സമൂഹത്തിന്റെ ശാക്തീകരണവും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുന്നതുമാണ്. വന സംബന്ധ ജോലികളിൽ തദ്ദേശീയവാസികളെക്കൂടി ഉൾപ്പെടുത്തുന്നതിനും അതുവഴി അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അങ്ങനെ മദ്ധ്യവർത്തികളെയും കരാറുകാരെയും ഒഴിവാക്കുക എന്നതായിരിക്കും സർക്കാരിന്റെ നയം. വന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും, ശേഖരിക്കുന്നതിനും മൂല്യം വർദ്ധിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി ഒരു ചാരിറ്റബിൾ കമ്പനി രൂപീകരിക്കുന്നതാണ്.

26. നിലവിലുള്ള 2006-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ഓർഡിനൻസിന്റെ സ്ഥാനത്ത് ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ചന്ദന മരങ്ങളുടെ സംരക്ഷണത്തിനും നിയന്ത്രണത്തിനുമായി ഒരു നിയമവും പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്. വന്യജീവികളിൽ നിന്നും കർഷകരുടെ വിളകളെ സംരക്ഷിക്കുന്നതിന് കിടങ്ങുകൾ കുഴിക്കുന്നതിനും വൈദ്യുതീകരിച്ച വേലികൾ സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് 50% സാമ്പത്തിക സഹായം നൽകുന്നതാണ്. സർക്കാരിന്റെ നിയന്ത്രണത്തിൽ മറയൂരിൽ ഒരു ചന്ദനതൈല ഫാക്ടറി സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ സാമൂഹ്യ വനവൽക്കരണ ചരിത്രത്തിൽ ഒരു

നവയുഗത്തിലേക്ക് പ്രവേശിക്കുന്നതിന് എന്റെ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി (1) ചുമട്ടു തൊഴിലാളികളുടെ പങ്കാളിത്തത്തോടെ യാഥാർത്ഥ്യമാക്കുന്ന "വഴിയോര തണൽ" (2) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി "എന്റെ മരം" (3) മത്സ്യബന്ധന വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "തീര വനം" എന്നീ മൂന്ന് സുപ്രധാന പ്രചാരണ പരിപാടികൾ ആരംഭിക്കുന്നതാണ്. എന്റെ സർക്കാർ അക്കേഷ്യ പോലുള്ള വർഗ്ഗങ്ങളെ സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

27. എന്റെ സർക്കാർ അധികാരം ഏറ്റെടുത്തപ്പോൾ, സർക്കാരിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനുകൾക്ക് റിപ്പോർട്ട് ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. നിയമനത്തിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമെന്ന് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. യോഗ്യതയും ശമ്പളനിരക്കും നിയമന ചട്ടങ്ങളും പൊതുവായിട്ടുള്ള വിവിധ വകുപ്പുകളുടെ കീഴിലുള്ള തസ്തികകളിലേക്ക് സാധ്യമാകുന്ന പരിധിവരെ പൊതു വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

28. ബഹുജനങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കേരളത്തിന്റെ നേട്ടം സുപ്രസിദ്ധമാണ്. അത് വിശാലാടിസ്ഥാനത്തിലാക്കുന്നതിനും വിദ്യാഭ്യാസത്തിന്റെ ഗുണമേൻമാ ഘടകങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്റെ സർക്കാർ 'കേരളത്തിലെ പൈതൃക വിദ്യാലയങ്ങളുടെ ശക്തിപ്പെടുത്തൽ' എന്ന ഒരു പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു, ഈ പദ്ധതിയിൽ

കീഴിൽ അക്കാഡമിക് നിലവാരത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും അറിയപ്പെടുന്നതും 50 വർഷത്തിലധികം പഴക്കമുള്ളതുമായ സർക്കാർ സ്കൂളുകളെ ശക്തിപ്പെടുത്തുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നേതൃവിദ്യാലയങ്ങൾ എന്ന സങ്കൽപ്പം ശക്തിപ്പെടുത്തുന്നതാണ്. വിവര സാങ്കേതികരംഗത്തും ഉപഗ്രഹ വിനിമയ രംഗത്തും ഉണ്ടായിട്ടുള്ള പുരോഗതിയെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. വരുന്ന വർഷം തിരഞ്ഞെടുത്ത 200 സർക്കാർ ഹൈസ്കൂളുകളിൽ മൾട്ടിമീഡിയ സംവിധാനം സ്ഥാപിക്കാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

29. അടിസ്ഥാന ആരോഗ്യസംരക്ഷണം ഏർപ്പെടുത്തുന്നതിൽ കേരളം വിജയം നേടുകയും പരക്കെയുള്ള പ്രശംസ പിടിച്ചുപറ്റുകയും ചെയ്തിട്ടുണ്ട്. മൊത്തത്തിലുള്ള പൊതുജനാരോഗ്യം വീണ്ടും വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ ഒരു "പൊതുജനാരോഗ്യനയ" ത്തിന് രൂപം നൽകി വരികയാണ്. മരുന്നു വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമായി സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനം ആവിഷ്കരിക്കുന്നതാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും അന്തർവകുപ്പ് ഏകോപനത്തിനുമായി കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും എന്റെ സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതാണ്. നിലവിൽ ഏതൊക്കെ ജില്ലകളിലാണോ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികളില്ലാത്തത് അവിടെ അത്തരം ആശുപത്രികൾ സ്ഥാപിക്കുന്നതാണ്. നഴ്സിംഗിനും

പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ടി പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. ഉത്തര കേരളത്തിൽ ഒരു പുതിയ പബ്ലിക് ഹെൽത്ത് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. നിലവിൽ ഏതൊക്കെ പഞ്ചായത്തുകളിലാണോ ആയുർവേദ ഹോമിയോ ഡിസ്പെൻസറി കളില്ലാത്തത്, അവിടെ ഘട്ടം ഘട്ടമായി പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ജീവിതരീതിയുമായി ബന്ധപ്പെട്ട് കണ്ടുവരുന്ന അസുഖങ്ങളെ മുൻകൂട്ടിത്തന്നെ കണ്ടുപിടിക്കുന്നതിനും അവയുടെ ചികിത്സയ്ക്കും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്ന താണ്. ഇപ്പോൾ നിലവിലുള്ള കാലഹരണപ്പെട്ട ആക്റ്റിനെ മാറ്റി ഒരു പുതിയ ഏകീകൃത സംസ്ഥാന പബ്ലിക് ഹെൽത്ത് ആക്റ്റ് കൊണ്ടു വരുന്നതാണ്.

30. എന്റെ സർക്കാർ ഉന്നത വിദ്യഭ്യാസത്തിൽ നീതിയും പ്രാപ്യതയും മികവും ഉറപ്പുവരുത്തുവാൻ പ്രതിജ്ഞാബദ്ധമാണ്. ഇതുമൂലം സർക്കാരിന്റെ ഭാഗത്ത് നിന്നും സർക്കാർ, എയിഡഡ് സ്ഥാപനങ്ങളിൽ കൂടുതൽ ചെലവ് വഹിക്കുന്നതിനും കൂടാതെ സ്വാശ്രയസ്ഥാപനങ്ങളുടെ മേൽ സാമൂഹ്യ നിയന്ത്രണം ഏർപ്പെടു ത്തുന്നതിനും കൂടി കഴിയുന്നതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നയരൂപീകരണത്തിനും ഏകോപനത്തിനുമായി ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിക്കുന്നതിനുകൂടി എന്റെ സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്.

31. സർവകലാശാലാ സംവിധാനത്തിന്റെ കാര്യക്ഷമതയും, ഉത്തരവാദിത്വവും മെച്ചപ്പെടുത്തുന്നതിനായി ഫലവത്തായ ഉപാധി കളാക്കാൻ എന്റെ സർക്കാർ സർവ്വകലാശാലാ നിയമങ്ങളെ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനും ഉയർന്നുവരുന്ന ആവശ്യങ്ങൾ നേരിടുന്നതിനുമായി ഒരു സ്വതന്ത്ര സർവ്വകലാശാല സ്ഥാപിക്കുന്ന താണ്.

32. സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ നടപടികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അന്വേഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ക്രമസമാധാനപാലനവും കുറ്റാന്വേഷണ വിഭാഗവും പ്രത്യേകം വേർതിരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭമെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിൽ ഇത് ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ 17 പോലീസ് ജില്ലകളിൽ ഓരോന്നിലുമായി തിരഞ്ഞെടുക്കപ്പെട്ട 17 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഷിഫ്റ്റ് ജോലി സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഡി.എൻ.എ. അനാലിസിസ്, സൈബർ ഫോറൻസിക്, ബ്രെയിൻ ഫിംഗർ പ്രിന്റിംഗ് എന്നീ സംവിധാനങ്ങളോടുകൂടി പ്രധാന നഗരങ്ങളിലെ 44 പോലീസ് സ്റ്റേഷനുകൾ 2006–2007–ൽ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ 2007-08-ൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. പോലീസ് സേനയുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും പോലീസ് കോൺസ്റ്റബിൾമാരുടെയും ഹെഡ് കോൺസ്റ്റബിൾമാരുടെയും ഉദ്യോഗക്കയറ്റ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിലേക്കുമായി 15 വർഷം സേവനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾ എന്നും 23 വർഷത്തെ സേവനം പൂർത്തിയാക്കിയ ഹെഡ് കോൺസ്റ്റബിൾമാർക്ക് അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ എന്നും ഉദ്യോഗപ്പേര് നൽകുവാൻ എന്റെ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. പോലീസിനെ കൂടുതൽ ഉത്തരവാദിത്വമുള്ളവരും സേവനതൽപ്പരരും ആക്കുന്നതിനും ആധുനിക പോലീസിന് വേണ്ടതായിട്ടുള്ള എല്ലാ ആവശ്യങ്ങളും ലഭ്യമാക്കുന്നതിനുംവേണ്ടി 2007–08–ൽ കേരള പോലീസ് ആക്ട് സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പോലീസിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി

2007-08 വർഷത്തിൽ കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഡി.എൻ.എ. അനാലിസിസ്, സൈബർ ഫോറൻസിക്ക്, ബ്രെയിൻ ഫിംഗർ പ്രിന്റിംഗ് എന്നിവ പോലുള്ള കൂടുതൽ സൗകര്യങ്ങൾ ഫോറൻസിക് ലബോറട്ടറിയിൽ ലഭ്യമാക്കുന്നതാണ്. ഈ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കമ്മ്യൂണിറ്റി പോലീസ് സംവിധാനം ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

33. സംസ്ഥാനത്തൊട്ടാകെ സമഗ്രമായി ഒരു പ്രിസൺസ് ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ പ്രധാന ക്രിമിനൽ കോടതികളും ജയിലുകളും തമ്മിൽ ബന്ധിപ്പിക്കുന്നതിന് വീഡിയോ കോൺഫറൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജയിൽ വകുപ്പ് നടപടി എടുത്തിട്ടുണ്ട്. ക്രിമിനൽ നടപടി നിയമ സംഹിതയിലെ പ്രസക്തമായ വകുപ്പുകളിൽ ഭേദഗതി വരുത്തിയ ഉടനെ ഈ സമ്പ്രദായം പ്രവർത്തനമാകുന്നതും, അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. തിരുവനന്തപുരത്ത് ഒരു ആധുനിക ജയിൽ ആസ്ഥാനവും പത്തനംതിട്ട ജില്ലയിൽ ഒരു പുതിയ സെൻട്രൽ ജയിലും നിർമ്മിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. കൂടാതെ, കൂടുതൽ തുറന്ന ജയിലുകളും വനിതകൾക്കായുള്ള ജയിലുകളും തുറക്കുന്നതിനും വകുപ്പ് ശ്രമം നടത്തിവരികയാണ്. 2006–07 കാലയളവിൽ തിരുവനന്തപുരത്ത് കെമിക്കൽ എക്സാമിനറുടെ ലാബിലും കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനറുടെ ലാബിലും നാർക്കോട്ടിക് ഡിവിഷനുകൾ തുടങ്ങിയതിന്റെ ഫലമായി ഡ്രഗ്ഗുകളുടെയും സൈക്കോട്രോപ്പിക് വസ്തുക്കളുടെയും അപഗ്രഥനം ഫലപ്രദമായി നടത്തുന്നതിന് സാധിക്കുന്നു. എന്റെ സർക്കാർ കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാനത്ത് കോടതികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും കൂടാതെ നേരത്തെ പ്രസിദ്ധപ്പെടുത്തിയിരുന്ന മുൻഗണനാ പട്ടികയിൽനിന്നും പുതിയ ചില കോടതികൾ സ്ഥാപിക്കുന്നതിനും

ഉദ്ദേശിക്കുന്നു. 2007-08-ൽ തിരുവനന്തപുരത്തും എറണാകുളത്തും പുതിയ കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കൂടി ഉദ്ദേശി ക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രത്യേക കോടതിയും പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന തിന് രണ്ടു സ്പെഷ്യൽ കോടതികളും ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

34. സംസ്ഥാനത്ത് ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ് വകുപ്പ് ആറ് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകളുടെ നിർമ്മാണം ഏറ്റെടു ത്തിട്ടുള്ളതും അവയിൽ രണ്ടു സ്റ്റേഷനുകൾ ഇതിനകം തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മറ്റ് നാല് എണ്ണം പൂർത്തിയായി ട്ടുള്ളതും താമസംവിനാ പ്രവർത്തനസജ്ജമാകുന്നതുമാണ്. തൃശ്ശൂരിലെ, വിയ്യൂരിലുള്ള ഫയർ സർവ്വീസ് അക്കാദമി ഏറെക്കുറെ പൂർത്തിയായിട്ടുള്ളതും അത് ഈ വർഷം തന്നെ പ്രവർത്തന ക്ഷമമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

35. എന്റെ സർക്കാർ ബൃഹത്തായ പാർപ്പിട പദ്ധതികൾക്കു വേണ്ടിയുള്ള കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുള്ളതും നയരൂപീ കരണം നടത്തിയിട്ടുള്ളതും "2010-ൽ എല്ലാവർക്കും പാർപ്പിടം" എന്നറിയപ്പെടുന്ന ഒരു അഭിലാഷ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ള തുമാണ്. 2007 മാർച്ചോടെ, 2007-ലേയ്ക്കുള്ള സംസ്ഥാന പാർപ്പിട ആവാസനയം അന്തിമമാക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു. സംസ്ഥാ നത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ഒരു "ആശ്വാസ നിധി" രൂപീകരിക്കാനായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെയും/തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് രണ്ട് സെന്റ് ഭൂമിയെങ്കിലും

വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചെലവ് കുറഞ്ഞ വീട് നിർമ്മാണം പ്രചരിപ്പിക്കുന്നതിലേക്കായി വിവിധ പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രം ഏറ്റെടുക്കുന്നതാണ്.

36. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധവും, ഇക്കാര്യത്തിൽ അതിനെ അപ്രകാരമാക്കുന്നതിന് അക്ഷീണം പരിശ്രമം നടത്തി വരുന്നതുമാണ്. സംസ്ഥാനത്ത് ശക്തമായ വ്യവസായഘടന വികസിച്ചുവരുന്നതിന് തടസ്സമായി നിൽക്കുന്ന എല്ലാ നടപടിപര മായ തർക്കങ്ങളും ദൂരീകരിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടന്നു വരുന്നു. ദ്രുതവും വിപുലവുമായ വ്യവസായവൽക്കരണത്തിന് അനു കൂലമായ അന്തരീക്ഷം സംജാതമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിക്ഷേപത്തിന് അനുയോജ്യവും നിർദ്ദിഷ്ട വുമായ മേഖലകൾ പ്രദർശിപ്പിക്കുന്നതിനും കേരള സമൂഹത്തിന്റെ പ്രത്യേകതകൾ മുതലെടുത്തുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ സർക്കാർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടിരിക്കുകയാണ്. നിർദ്ദിഷ്ട എൽ.എൻ.ജി. ടെർമിനലും വല്ലാർപാടം കണ്ടെയ്നർ ടെർമിനലും തീർച്ചയായും സംസ്ഥാ നത്തെ അഭൂതപൂർവ്വമായ തോതിൽ വ്യവസായവൽക്കരണത്തി ലേക്ക് നയിക്കുവാൻ സഹായിക്കുന്നതാണ്.

37. കെ.എസ്.ഐ.ഡി.സി. യെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ എടുത്തുകൊണ്ടി രിക്കുകയാണ്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊച്ചിയിൽ ഒരു ഇലക്ട്രോണിക് ഹബ്ബും ഇടുക്കിയിൽ സ്പൈസസ് പാർക്കും സ്ഥാപിക്കുന്നതാണ്. മെഗാ-ഇൻഡസ്ട്രിയൽ പാർക്കുകൾക്കും, കോറിഡോറുകൾക്കും പദ്ധതിയിട്ടിട്ടുള്ളതും ഇതിന്റെ നടപടികൾ കെ.എസ്.ഐ.ഡി.സി. തുടങ്ങുന്നതുമാണ്. ലോകോത്തര നിലവാര സൗകര്യങ്ങളോടുകൂടി ഒരു 'നോളഡ്ജ് പാർക്ക്' കോഴിക്കോട്ടും ഒരു

ബയോ ടെക്നോളജിയുടേയും ഇലക്ട്രോണിക്സിന്റെയും കോറിഡോർ കൊച്ചിയിലും, ഒരു ഹെൽത്ത് ആന്റ് ടെക്സ്റ്റൈൽ കോറിഡോർ പാലക്കാട്ടും സ്ഥാപിക്കുന്നതിന് കിൻഫ്രാ ഉദ്ദേശിക്കുന്നു. ഏകദേശം 8000 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ഒരു ടെലികോം സിറ്റി സ്ഥാപിക്കുന്നതിന് സിഡ്കോ ഉദ്ദേശിക്കുന്നു. കെ.ബി.ഐ.പി.യുടെ പ്രവർത്തനങ്ങൾ സ്ട്രീംലൈൻ ചെയ്തിട്ടുള്ളതും അത് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നതുമാണ്. ഖാദി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും എന്റെ സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്. പഴയ ചർക്കകളെയും തറികളെയും മാറ്റിസ്ഥാപിച്ചുകൊണ്ട് ഈ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

38. എന്റെ സർക്കാർ അധികാരമേറ്റ സമയത്ത്, വ്യവസായ വകുപ്പിന്റെ കീഴിലുള്ള 57 പൊതുമേഖലാ സ്ഥാപനങ്ങളിൽ 12 എണ്ണം മാത്രമേ ലാഭം കാണിച്ചിരുന്നുള്ളൂ. 9 മാസക്കാലയളവിനുള്ളിൽ ലാഭം ഉണ്ടാക്കുന്ന പൊതുമേഖലാ യൂണിറ്റുകളുടെ എണ്ണം 22 ആയി ഉയർന്നുവെന്നുള്ളത് അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. മറ്റ് യൂണിറ്റുകളും കൂടി പ്രവർത്തനക്ഷമമാക്കുന്നതിനായി ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. പൊതുമേഖലാ യൂണിറ്റുകളുടെ ആസ്തികൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ വ്യാവസായിക പുരോഗതിക്കുവേണ്ടി അത് ഉപയോഗിക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

39. സമൂഹത്തിലെ പിന്തള്ളപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള വളരെയധികം തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി ആശ്രയിക്കുന്ന കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക എന്നത് എന്റെ സർക്കാരിന്റെ ലക്ഷ്യമാകുന്നു. ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്താനായി കർമ്മ പരിപാടികൾ നടപ്പിലാക്കും. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

വികസിപ്പിക്കുന്നതും വിപണിയിലെത്തിക്കുന്നതുമാണ്. അസംസ്കൃത കശുവണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വൻതോതിൽ കശുമാവ് തോട്ടങ്ങളെ പ്രോൽസാഹിപ്പിക്കുന്നതാണ്. കെ. എസ്. സി. ഡി. സി. യെയും, കാപെക്സിനെയും ഭാരത സർക്കാരിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ധനസഹായം കൊണ്ട് പുനരുജ്ജീവിപ്പിക്കുന്നതാണ്. കശുമാവ് തോട്ടങ്ങളുടെയും കശുവണ്ടി വ്യവസായത്തിന്റെയും വികസനത്തിന് കാഷ്യു സ്പെഷ്യൽ ഓഫീസറുടെ കീഴിൽ തൊഴിലാളി സംഘടനാ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഏജൻസി രൂപവൽക്കരിക്കുന്നതിനു കൂടി സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലുള്ള ക്ഷേമ പദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊഴിലാളികൾക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുകൂടി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്വർണ്ണ തൊഴിലാളികൾക്കും, ചെറുകിട തോട്ടം തൊഴിലാളികൾക്കും വേണ്ടി പുതിയ ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

40. 3.75 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതും അതിൽത്തന്നെ ബി.പി.എൽ. കുടുംബങ്ങളിൽ നിന്നുള്ള 3 ലക്ഷത്തോളം സ്ത്രീകളുള്ളതുമായ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കയർ വ്യവസായം. എന്നാൽ പല കാരണങ്ങളാൽ മിക്ക സഹകരണസംഘങ്ങളും സാമ്പത്തിക ഭദ്രതയില്ലാതായിത്തീർന്നിട്ടുള്ളതും തൽഫലമായി അതിലെ അംഗങ്ങളുടെ ഒരു വിഭാഗത്തിനുപോലും സ്ഥിരമായി തൊഴിൽ നൽകുന്നതിന് അവർക്ക് സാധിക്കാത്ത അവസ്ഥയിലുമാണ്. ഈ പരമ്പരാഗത മേഖല പുനരുദ്ധരിക്കുന്നതിനായി എന്റെ സർക്കാർ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന തൊണ്ടിന്റെ കുറഞ്ഞത് 50% എങ്കിലും ചകിരിയാക്കി മാറ്റുന്നുവെന്നുറപ്പുവരുത്തുന്നതിനായി കുടുംബശ്രീയുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും യോജിച്ച് ഉൾനാടൻ പ്രദേശങ്ങളിൽ സ്വകാര്യ സഹകരണ മേഖലയിൽ പച്ചത്തൊണ്ട് ഡീഫൈബറിംഗ് മില്ലുകളെ പ്രോൽസാഹിപ്പിക്കുന്നതും

ക്രയവില നിയന്ത്രണ പദ്ധതിയുടെ ആരംഭവും ഡിസ്ട്രസ് പർച്ചേസ് പദ്ധതിയിലൂടെയുള്ള നാര്, കയർ, കയറുൽപ്പന്നങ്ങളുടെ സംഭരണത്തിലൂടെയുള്ള ഫലപ്രദമായ വിപണി ഇടപെടലും പോലെയുള്ള അനവധി പദ്ധതികൾ വരും വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഉൽപ്പാദനക്ഷമതയും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പീഡിത യൂണിറ്റ് പുനരുദ്ധാരണ പദ്ധതി തുടരുന്നതും പരമാവധി സഹകരണ സംഘങ്ങളിൽ വ്യാപിപ്പിക്കുന്നതുമാണ്. നൂറുശതമാനവും കൈക്കൊണ്ടുണ്ടാക്കിയ കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി, പ്രത്യേക ആനുകൂല്യം ഏർപ്പെടുത്തുന്നതും വാണിജ്യ മുദ്രാനാമമായ "കേരള കയർ–ദൈവത്തിന്റെ സ്വന്തം നാടിന്റെ സുവർണ്ണ നാര്" ജനപ്രിയമാക്കുന്നതുമാണ്. കയർ ഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് എന്നിവ മെച്ചപ്പെടുത്തുന്നതിനും ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

41. സംസ്ഥാനത്തെ ജനജീവിതത്തിൽ മാധ്യമങ്ങൾ ഒരു അവശ്യ ഘടകമായി മാറിയിട്ടുണ്ട്. മാധ്യമങ്ങളിലെ പുതിയതും ആവിർഭവിക്കുന്നതുമായ പ്രവർത്തന മേഖലകളിലെ വെല്ലുവിളികളെ നേരിടുന്നതിനായും, സർക്കാരിന്റെ കർമ്മ പരിപാടികളും നയങ്ങളും പ്രവർത്തനങ്ങളും പ്രസിദ്ധീകരിക്കുന്നതിനായും ഉള്ള ഒരു സുപ്രധാന പങ്ക് വഹിക്കുന്നതിനായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പിനെ നവീകരിക്കുന്നതാണ്.

42. ഇൻഫോ പാർക്കും ടെക്നോ പാർക്കും പ്രത്യേക താൽപ്പര്യമെടുത്ത് ഏറ്റെടുത്ത ബിസിനസ്സ് വികസന പ്രവർത്തനങ്ങൾ വിവര സാങ്കേതിക വ്യവസായത്തിന്റെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. എന്റെ സർക്കാർ ഈ സ്ഥാപനങ്ങളെ വികസിപ്പിക്കുന്നതും അപ്രകാരം അതിനെ വിവര സാങ്കേതിക വ്യവസായ

ത്തിന്റെ ഒരു പ്രവർത്തന കേന്ദ്രമാക്കുന്നതുമാണ്. തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്ത് സ്വാശ്രയ വിവര സാങ്കേതിക ടൗൺഷിപ്പായി ഒരു ടെക്നോസിറ്റി, വികസിപ്പിക്കുന്നതാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെയുള്ള തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും, ഏകീകൃതമായ വികസനം സാദ്ധ്യമാക്കുന്നതിനായി കേരളത്തെ അറിവ് അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ പ്രവർത്തന കേന്ദ്രമായി മാറ്റുന്നതിനും വിവര സാങ്കേതിക പാർക്കുകൾ സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ പദ്ധതിയിട്ടിരിക്കുന്നു. ഒരു നൂതന വിവര സാങ്കേതിക നയം ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്. ഈ മേഖലയിൽ അടുത്ത അഞ്ച് വർഷങ്ങളിൽ രണ്ടു ലക്ഷം തൊഴിൽ സാദ്ധ്യതകൾ സംജാതമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്കിന്റെ ഭാഗമായി ജില്ലാ തലത്തിലും ബ്ലോക്കുതലത്തിലുമുള്ള സർക്കാർ ആഫീസുകളിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതും ദേശീയ ഇ-ഗവേണൻസ് പദ്ധതിയിൻ കീഴിൽ 15 മിഷൻ മോഡ്യുകൾ ഈ വർഷംതന്നെ സ്ഥാപിക്കുന്നതുമാണ്. സംസ്ഥാനത്തുടനീളമുള്ള അക്ഷയ ഇ-സെന്ററുകളെ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി വഴി പിൻബലം നൽകുന്നതും അതുവഴി സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിലുള്ള സാധാരണ ജനങ്ങൾക്കുപോലും ഇത് പ്രാപ്യമാകത്തക്ക വിധത്തിൽ പൊതുജനങ്ങൾക്കുള്ള ഇ-ഗവേണൻസ് സേവനത്തെ വ്യാപിപ്പിക്കുന്നതുമാണ്.

43. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനും വ്യാവസായിക ബന്ധങ്ങളുടെ ക്ഷേമപ്രദമായ നടത്തിപ്പിനും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ തോട്ടം മേഖലയിൽ ഒരു പുനരുജ്ജീവന പാക്കേജ് ആരംഭിക്കുന്നതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി പൂട്ടിക്കിടക്കുന്ന 22 തേയിലത്തോട്ടങ്ങൾ തുറക്കുന്നതിനായുള്ള ചർച്ചകൾ ഇതിനകം തുടങ്ങിയിട്ടുണ്ട്.

44. ഈ വർഷം പ്രവർത്തനമാരംഭിക്കുന്ന ലാ റിഫോംസ് കമ്മീഷൻ, നിലവിലുള്ള നിയമങ്ങൾ ലഘൂകരിക്കുന്നതിനും, ഭേദഗതി ചെയ്യുന്നതിനും, ഏകോപിപ്പിക്കുന്നതിനും ശുപാർശ ചെയ്യുന്നതും ആവശ്യമായ പുതിയ നിയമനിർമ്മാണത്തിന് നിർദ്ദേശിക്കുന്നതുമാണ്. എറണാകുളത്തും കോഴിക്കോട്ടും സ്ഥിരമായി ലോക് അദാലത്തുകളും, ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും നിയമസഹായ ക്ലിനിക്കുകളും സ്ഥാപിക്കാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

45. വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനും, തദ്ദേശ ഭരണത്തെ തദ്ദേശീയ തലത്തിലുള്ള പുരോഗതിയുടെ യന്ത്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനുമുള്ള എന്റെ സർക്കാരിന്റെ കാഴ്ചപ്പാടുകളെക്കുറിച്ച് ഏകദേശം 6 മാസം മുമ്പ് ഞാൻ ചുരുക്കി പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഞാൻ പ്രധാനപ്പെട്ട ചില പ്രവർത്തന മേഖലകൾ തിരിച്ചറിഞ്ഞിട്ടുമുണ്ട്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വ്യക്തമായ പുരോഗതിയുണ്ടായതിൽ ഞാൻ സന്തുഷ്ടനാണ്.

46. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ അവരുടെ നഗര വികസന പദ്ധതികളും ഏകദേശം 2,000 കോടി രൂപയോളമുള്ള വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. കേരളാ സുസ്ഥിര നഗര വികസന പദ്ധതിയുടെ തടസ്സവും കൂടി നീങ്ങിയിട്ടുണ്ട്. ചെറിയ പട്ടണങ്ങളും കൂടി വളരെ നല്ല കർമ്മ പരിപാടികൾ പ്രത്യേകിച്ചും പാവപ്പെട്ടവർക്കുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. നഗരങ്ങളുടെയും പട്ടണങ്ങളുടെയും പ്രായോഗികക്ഷമത വർദ്ധിപ്പിക്കുക എന്നുള്ള ഇപ്പോഴത്തെ വെല്ലുവിളിക്ക് എന്റെ സർക്കാർ പ്രത്യേക പ്രാധാന്യം കൽപ്പിക്കുന്നു. കഴിഞ്ഞ ആറു മാസത്തിനുള്ളിൽ പ്രധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജനയിൻ കീഴിൽ 164 കിലോമീറ്റർ ഗ്രാമീണ റോഡുകൾ ടെൻഡർ ചെയ്യുകയും, കൂടാതെ മറ്റ് 750 കിലോമീറ്റർ റോഡുകൾക്കുവേണ്ടി

വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 2000-ത്തിൽ ആരംഭിച്ച ഈ പദ്ധതി വെറും 682 കിലോമീറ്റർ റോഡുകൾ മാത്രമേ ഏറ്റെടുത്തിട്ടുള്ളൂ എന്ന കാര്യം കണക്കിലെടുത്താൽ കുറഞ്ഞ സമയത്തിനുള്ളിൽ ഇത് ഒരു ഗണ്യമായ കുതിച്ചുചാട്ടമായി കണക്കാക്കാം.

47. ഗ്രാമീണ മേഖലയിലെ പാവങ്ങൾക്കുവേണ്ടി വിജയസാദ്ധ്യതയുള്ള വളരെ ചെറിയ വ്യാപാര സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ സ്വർണ്ണ ജയന്തി ഗ്രാമീൺ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) കുടുംബശ്രീയുമായി സമന്വയിപ്പിച്ച് ഉപയോഗിക്കാവുന്ന സ്രോതസ്സുകൾ തുറന്നിട്ടുണ്ട്. അർബൺ ഹാറ്റ്സ് ആരംഭിച്ചും റൂറൽ ബിസിനസ് ഹബ്ബുകളെ പ്രോൽസാഹിപ്പിച്ചും ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിപണി കണ്ടുപിടിക്കുന്നതിനും ഉള്ള ജോലികൾ പൂർത്തീകരിക്കുന്നതിന് കുടുംബശ്രീയെ സജ്ജമാക്കുന്നതാണ്. വളരെ വൈകിപ്പോയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കംപ്യൂട്ടർവൽക്കരണം തുടങ്ങുകയും അവ ധൃതഗതിയിൽ പൂർണ്ണമായി നടപ്പിലാക്കുന്നതുമാണ്.

48. തദ്ദേശ സർക്കാരുകളെ ചുറുചുറുക്കുള്ള തദ്ദേശസ്ഥാപനങ്ങളായി മാറ്റണമെന്നത് എന്റെ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തദ്ദേശ സാമ്പത്തിക വികസനത്തിനും പൊതുജനസേവനത്തിന്റെ ഉയർന്ന ഗുണനിലവാരം വ്യവസ്ഥ ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് അനുകൂലമായ വികസന തന്ത്രങ്ങളുടെ ചട്ടക്കൂട്ടിനുള്ളിൽ പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുക എന്നുള്ളതാണ് ഏറ്റവും അടിയന്തിരമായ കർത്തവ്യം. വാർഷിക പദ്ധതികളുടെയും പഞ്ചവത്സര പദ്ധതികളുടെയും തയ്യാറാക്കൽ നടപടികൾ തുടങ്ങിക്കഴിഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ ജനാധിപത്യപരമായ

നേതൃത്വത്തിന്റെ മുഴുവൻ പങ്കാളിത്തത്തോടെ പദ്ധതികളുടെ തയ്യാറാക്കലും നടപ്പിലാക്കലും നടത്തുന്നതായിരിക്കും. പ്രസക്തമായ സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതികൾ നടത്തുന്നതുൾപ്പെടെ സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച വിവിധ നടപടികൾ നടപ്പിലാക്കുന്നതാണ്.

49. ഇപ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ പക്വമായിട്ടുള്ളതും ഫണ്ടുകളുടെ സ്വരൂപണത്തിനായി വിപണി പ്രാപ്യമാക്കുന്നതിന് അവരെ സഹായിക്കേണ്ടസമയമായിട്ടുള്ളതുമാണ്. ഈ ആവശ്യത്തിലേയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന വിജയപ്രദമായ പദ്ധതികൾക്ക് വിപണിയിൽ നിന്ന് ധനസ്വരൂപണം നടത്തുന്നതിന് കഴിവുള്ള ഒരു പ്രൊഫഷണൽ സ്ഥാപനമായി കേരള അർബൻ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനെ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ന്യായമായ നിരക്കിൽ പാവപ്പെട്ടവർക്ക് കടം നൽകുന്ന ഒരു മൈക്രോ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻ (എം. എഫ്. ഐ.) സ്ഥാപിക്കുന്നതിനും കൂടി ഉദ്ദേശിക്കുന്നു.

50. പ്രവാസി കേരളീയരുടെ ക്ഷേമവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളെ ഭാരതസർക്കാരിന്റെയും മറ്റ് സംസ്ഥാന സർക്കാരിന്റെയും ശ്രദ്ധയിലേക്ക് നോർക്ക വകുപ്പ് വിജയകരമായി കൊണ്ടുവന്നിട്ടുണ്ട്. വിദേശത്തെ പൊതുതൊഴിൽ അവസരങ്ങൾ സംബന്ധിച്ച് അവബോധമുണ്ടാക്കുന്നതിനും മറ്റ് അത്യാവശ്യ വിവരങ്ങൾ നൽകുന്നതിനും അവരെ നയിക്കുന്നതിനുമായി സംസ്ഥാനത്തെ തൊഴിൽ കാംക്ഷികൾക്ക് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തിനും പ്രവാസി കേരളീയർക്കും ഗുണകരമാകത്തക്കവിധം യുക്തമായ ആസൂത്രണത്തോടെ സർക്കാർ പ്രവാസി കേരളീയർക്ക് നിക്ഷേപ അവസരങ്ങൾ ഒരുക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.

51. കേരള ലാന്റ് യൂസ് ബോർഡ്, വരും വർഷത്തിൽ നമ്മുടെ ഭൂവിഭവങ്ങളുടെ ഏറ്റവും അനുയോജ്യവും താങ്ങാവുന്നതുമായ ഉപയോഗത്തിനുവേണ്ടി ലാന്റ് റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഭൂ ഉപയോഗ ആസൂത്രണത്തിനും കൃഷിയിടങ്ങളുടെ മാതൃകകൾ വികസിപ്പിക്കുന്നതിനും കാർഷിക മാനേജ്മെന്റിനെ തീരുമാനമെടുക്കാൻ സഹായിക്കുന്ന സിസ്റ്റം സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

52. കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ ഉചിതമായി പുനഃസംഘടിപ്പിച്ചുകൊണ്ട് ഒരു പബ്ളിക് സെക്ടർ യൂട്ടിലിറ്റിയായി നിലനിർത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ, 500 മെഗാവാട്ട് കൂടി ഉല്പാദനശേഷി വർദ്ധിപ്പിക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ പ്രവർത്തനം നേരത്തെതന്നെ ആരംഭിച്ചു കഴിഞ്ഞു. വരുന്ന നാല് വർഷത്തിൽ സംസ്ഥാനത്ത് 400 കെ.വി. പവർ ഹൈവേയുടെ ജോലി പൂർത്തീകരിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് വിശ്വസനീയമായ വൈദ്യുതി വിതരണം നൽകുന്നതിന് വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിതരണ പ്രേഷണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതാണ്. പതിനൊന്നാം പദ്ധതിക്കാലത്ത്തന്നെ എല്ലാ ഭവനങ്ങളും വൈദ്യുതീകരിക്കുന്നതിനും കൂടാതെ വരുന്ന രണ്ട് വർഷത്തിനുള്ളിൽ എല്ലാ പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വാസസ്ഥലങ്ങളും വൈദ്യുതീകരിക്കുന്നതാണ്. ഗ്രാമീണ ജലവിതരണ പദ്ധതികളുടെ ഫലപ്രദമായ പ്രവർത്തനത്തെ സഹായിക്കുന്നതിനായി വൈദ്യുതിനിരക്ക് ഗണ്യമായി കുറച്ചിട്ടുണ്ട്.

53. ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ മുൻഗണന നൽകുന്നതാണ്. ചെറുകിട ജല പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പരമാവധി സഹായം നൽകുന്നതാണ്.

ഹൈഡൽ ടൂറിസം പ്രവർത്തനങ്ങൾ കൂടി പ്രോൽസാഹിപ്പിക്കുന്നതുമാണ്. മുൻഗണന നൽകുന്ന മറ്റൊരു മേഖല ഊർജ്ജ സംരക്ഷണമാണ്. ജില്ലാ ഊർജ്ജപദ്ധതികൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതുമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലും വ്യവസായ യൂണിറ്റുകളിലും മിനിമം ഡിമാന്റ് ചാർജ്ജുകൾ വീണ്ടും തുറക്കുമ്പോൾ ഒഴിവാക്കിക്കൊടുക്കുന്നതാണ്.

54. റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും റോഡ് സുരക്ഷാ പദ്ധതികൾക്കുംവേണ്ടി എന്റെ സർക്കാർ ഉയർന്ന പരിഗണന നൽകുന്നതാണ്. സമയബന്ധിതമായ രീതിയിൽ ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിന് ശ്രമങ്ങൾ നടത്തിവരികയാണ്. രണ്ടാം ഘട്ടം നടപ്പിലാക്കുന്നത് ഈ വർഷംതന്നെ തുടങ്ങുന്നതാണ്. റോഡുകളുടെ വികസനത്തിനും പരിപാലനത്തിനും മുഖ്യ പ്രാധാന്യം നൽകുന്ന ഒരു സ്ഥാപനമായി റോഡ് ഫണ്ട് ബോർഡിനെ ഉയർത്തിക്കൊണ്ടുവരുന്നതാണ്. റോഡ് നിർമ്മാണത്തിനായുള്ള കരാറുകളിൽ ഒപ്പുവയ്ക്കുമ്പോൾതന്നെ പരിപാലനത്തിനുള്ള വ്യവസ്ഥകളും കൂടി ഉൾപ്പെടുത്തുന്നതാണ്. ദേശീയപാതകൾ വികസിപ്പിക്കുന്നതിനും അവയെ നാലുവരി പാതയായി ഉയർത്തുന്നതിനും എന്റെ സർക്കാർ മുൻഗണന നൽകുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കും തീർത്ഥാടന കേന്ദ്രങ്ങളിലേക്കുമുള്ള റോഡുകളായ കാക്കനാട്-താങ്കളം-മൂന്നാർ റോഡും, നെടുമ്പാശ്ശേരി-കൊടൈക്കനാൽ റോഡും, കൊല്ലം ശബരിമല റോഡും, പൊള്ളാച്ചി-പറമ്പിക്കുളം-ശബരിമല റോഡും മെച്ചപ്പെടുത്തുന്നതാണ്.

55. ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിൽ കേരളം ഒരു മാതൃകാ സംസ്ഥാനമാണെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ. ഭൂരഹിതരുടെ പ്രശ്നം ലഘൂകരിക്കുന്നതിനായി വരുംവർഷത്തിൽ സമൂഹത്തിലെ ദരിദ്രരിൽ ദരിദ്രരായ

വിഭാഗത്തിൽപ്പെട്ട ഏറ്റവും കുറഞ്ഞത് 25,000 ഭൂരഹിതർക്ക് പട്ടയങ്ങൾ നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തീരപ്രദേശത്തെ 17,000 ഭൂരഹിത കർഷകർക്ക് ഭൂമിയും വീടുകളും നൽകുന്നതാണ്. ഏകദേശം 72,000 ഏക്കർ മിച്ചഭൂമി ഭൂരഹിതരായ പാവപ്പെട്ടവർക്കിടയിൽ വിതരണം ചെയ്യുന്നതാണ്. സെറ്റിൽമെന്റ് കോളനികളിലെ 19,500 ഭൂരഹിത ഗോത്രവർഗ്ഗക്കാർക്ക് അവകാശരേഖകൾ നൽകുന്നതാണ്. 1-1-1977-ന് മുമ്പായി മലയോര പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള എല്ലാ കർഷകർക്കും വനവും റവന്യൂവും വകുപ്പുകൾ സംയുക്തമായി നടത്തുന്ന ഭൂ പരിശോധന വിജയകരമായി പൂർത്തിയാക്കുമ്പോൾ പട്ടയങ്ങൾ നൽകുന്നതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നൽകുന്നതും അവയെ നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

56. സംസ്ഥാനത്തെ ദുരിതത്തിലായ കർഷകരെ സംരക്ഷിക്കുന്നതിന് കാർഷിക കടാശ്വാസ നിയമം പാസ്സാക്കിയെന്ന വസ്തുതയിൽനിന്നും കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ എന്റെ സർക്കാരിനുള്ള പ്രതിബദ്ധത പ്രകടമാകുന്നു. ഈ നിയമനിർമ്മാണം കർഷകരെ മനഃസ്സാക്ഷിയില്ലാത്ത പണം കൊടുപ്പുകാരുടെ അതിക്രമത്തിൽനിന്നും രക്ഷിക്കുമെന്ന് എനിക്കുറപ്പുണ്ട്.

57. സുനാമി പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ബദൽ ജീവിതമാർഗ്ഗം, പാർപ്പിട സൗകര്യം, തീരദേശസംരക്ഷണം എന്നിവയ്ക്ക് മുഖ്യപ്രാധാന്യം നൽകി 9 തീരദേശ ജില്ലകളിൽ ആരംഭ പ്രവർത്തനങ്ങൾക്ക് 1441 കോടി മുതൽമുടക്ക് എന്റെ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ തീരദേശത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതത്തിന് വഴിയൊരുക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ള സുനാമി ഫണ്ടുകളുടെ ദുർവിനിയോഗത്തെക്കുറിച്ചുള്ള

ആരോപണത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും അതിന്മേൽ ഉടൻതന്നെ ഉചിതമായ നടപടി എടുക്കുന്നതുമായിരിക്കും. എന്റെ സർക്കാർ ഈ വർഷം സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും ഒരു ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതാണ്. സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് വകുപ്പ് പൊതുജനങ്ങൾക്ക് റീസർവ്വേയെക്കുറിച്ച് വിവരം ലഭ്യമാക്കുന്നതിന് എല്ലാ താലൂക്കുകളിലും കിയോസ്ക് ഘട്ടംഘട്ടമായി സ്ഥാപിക്കുകയും സംസ്ഥാനത്ത് പൂർത്തിയാക്കാനുള്ള റീസർവ്വേ ജോലികൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.

58. എന്റെ സർക്കാർ ദേവസ്വം ബോർഡുകളുടെ കാര്യങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഓർഡിനൻസ് വിളംബര പ്പെടുത്തിയിട്ടുള്ളതാണ്. എന്റെ സർക്കാർ ശബരിമലയ്ക്കുവേണ്ടി യുള്ള മാസ്റ്റർ പ്ലാൻ മാരത സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതും സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായും "എക്കോ സ്മാർട്ട്" ഉൾപ്പെടെയും ബന്ധപ്പെട്ട എല്ലാവരുമായും യഥാവിധി ചർച്ച നടത്തിയശേഷം അന്തിമമാക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അതു നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതിനും പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, അവിടെയുള്ള ഭക്തജനങ്ങളുടെ അഭിലാഷം നിറവേറ്റുന്നതിനുമായി 2007-ൽ തന്നെ ഒരു മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതാണ്. ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് (അഡ്മിനിസ്ട്രേഷൻ) വകുപ്പിന് അർഹിക്കുന്ന പ്രാധാന്യം നൽകുന്നതും മലബാറിലെ ക്ഷേത്രങ്ങളുടെ ഭരണം കൂടുതൽ കാര്യക്ഷമവും അഴിമതിരഹിതവും ആക്കി തീർക്കുന്നതുമാണ്.

59. പട്ടികജാതി പട്ടികഗോത്ര വർഗ്ഗങ്ങളുടെയും പിന്നോക്ക സമുദായങ്ങളുടെയും ക്ഷേമത്തിനായി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കുടിശ്ശികകൾ കഴിഞ്ഞ കുറെ വർഷങ്ങളായി കുമിഞ്ഞു കൂടിയ 40 കോടിയോളം രൂപ പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ട്. ലാറ്ററൽ എൻട്രി പദ്ധതിയിലൂടെ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളെ കൂടി ജസ്റ്റിസ് തോമസ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹരാക്കിയിട്ടുണ്ട്. സർവ്വകലാശാലകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും നേരിട്ടു നടത്തുന്ന സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികഗോത്ര വർഗ്ഗങ്ങൾക്കും, ഒ.ഇ.സി. വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യങ്ങൾ നൽകുന്നതിനും കൂടി എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

60. 2004–05–ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച ഫണ്ട് ഉപയോഗിച്ച് പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് ഒരു സമഗ്ര ആരോഗ്യ പദ്ധതി എന്റെ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സമീപകാലത്തുണ്ടായ വിധിന്യായപ്രകാരം പിതാവ് പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ മാത്രമേ മിശ്രവിവാഹ ദമ്പതിമാരുടെ കുട്ടികൾക്ക് എസ്.സി./എസ്.ടി. എന്ന പദവി ലഭിക്കുകയുള്ളൂ. ഈ സാഹചര്യത്തിന് തിരുത്തൽ വരുത്തുന്നതിന് സർക്കാർ കരുതുന്നതും അതിലേക്കായി വിളംബരപ്പെടുത്തിയിട്ടുള്ള ഓർഡിനൻസ് ബഹുമാനപ്പെട്ട ഭാരത രാഷ്ട്രപതിയുടെ അനുമതി പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നതുമാണ്.

61. എന്റെ സർക്കാർ ഭൂരഹിതരായ ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിൽ ഉയർന്ന മുൻഗണന നൽകുന്നു. ഗോത്ര വർഗ്ഗ സംഘടനകളുമായും ജന പ്രതിനിധികളുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ആറളം ഫാമിലെ ഭൂമിയുടെ

വിതരണം പൂർത്തീകരിക്കുന്നതാണ്. ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച ഭൂമിക്കുള്ള അവകാശരേഖ നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഗോത്രവർഗ്ഗക്കാർക്ക് ഭൂമി അനുവദിക്കുന്നതും അങ്ങനെ അനുവദിച്ചിട്ടുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും സർക്കാർ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നതാണ്. പട്ടികജാതികൾക്കും പട്ടിക ഗോത്ര വർഗ്ഗങ്ങൾക്കുമായി ഒരു കമ്മീഷനെ സർക്കാർ ഉടൻ തന്നെ നിയമിക്കുന്നതാണ്.

62. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രൊഫഷണൽ കോളേജുകളിൽ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. ആസൂത്രണം ചെയ്ത് സമർപ്പിച്ച പ്രോജക്ടുകൾ പ്രദർശിപ്പിക്കാനായി വർഷംതോറും ഒരു ശാസ്ത്ര സാങ്കേതിക ഉന്നതതല സമ്മേളനം സംഘടിപ്പിക്കുകയും അത് വിദ്യാർത്ഥികളുടെ കണ്ടുപിടുത്തങ്ങളോ ആദ്യ മാതൃകകളോ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയായിരിക്കുന്നതുമാണ്. റിമോട്ട് സെൻസിംഗ് ഡാറ്റ ഉപയോഗിച്ച് പ്രകൃതി വിഭവങ്ങൾക്കും പരിസ്ഥിതിക്കുമായുള്ള രൂപടങ്ങൾ ഉണ്ടാക്കുക, ജനപങ്കാളിത്തത്തോടെ ഭാരതപ്പുഴയുടെ പരിസ്ഥിതി പുനഃസ്ഥാപന ജോലി, സംസ്ഥാനത്തെ മണ്ണിന്റെ ഗുണനിലവാര നിരീക്ഷണത്തിനും കേരളത്തിലെ നദീതടങ്ങളിലെ ജലതുലനത്തിന്റെയും ജലത്തിന്റെ ഗുണമേൻമ നിലവാരത്തിന്റെയും പഠനത്തിനും കേരളത്തിലെ നദികളുടെ പൂർണ്ണമായ സാദ്ധ്യത വികസിപ്പിക്കുന്നത് സഹായിക്കുന്നതിനുമായി പഠനങ്ങൾ നടത്തുക എന്നിവയാണ് വരുംവർഷത്തിൽ കൗൺസിൽ ഉദ്ദേശിച്ചിട്ടുള്ള മറ്റ് ചില പ്രവർത്തനങ്ങൾ.

63. സ്ത്രീകൾക്കെതിരെ വിവേചനമില്ലാത്തതും അവർക്ക് ഒരു മാന്യമായ ജീവിതം നയിക്കാവുന്നതുമായ ഒരു പരിസ്ഥിതി സംജാതമാക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തോടുകൂടി എന്റെ സർക്കാർ ഒരു സംസ്ഥാന വനിതാനയം ആവിഷ്ക്കരിക്കുന്നതാണ്. വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിതാ ജാഗ്രതാ സമിതികൾ സജീവമാക്കുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകളിൽ ഫലപ്രദമായ നടപടികൾ എടുക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി സംവിധാനങ്ങൾ ഉൾപ്പെടെയുള്ളവ നടപ്പിൽ വരുത്തുന്നതാണ്. പി.എൻ.ഡി.റ്റി. ആക്റ്റിലെയും ഗാർഹിക ഹിംസയിൽനിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റിലെയും വ്യവസ്ഥകളുടെ കാര്യക്ഷമമായ നടപ്പാക്കലിനുവേണ്ടി ഉചിതമായ സംവിധാനം നടപ്പിൽ വരുത്തുന്നതാണ്.

64. സംസ്ഥാനത്തെ വയോജനങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന വയോജനനയം എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്. ശാരീരിക വൈകല്യമുള്ളവർക്ക് ക്ഷേമവും പുനരധിവാസവും ശക്തിപ്പെടുത്തുന്നതും പി.ഡബ്ള്യു.ഡി. ആക്റ്റ് അനുസരിച്ചുള്ള തൊഴിൽ സംവരണം ഉറപ്പാക്കുന്നതുമാണ്. എന്റെ സർക്കാർ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ശിശുക്ഷേമസമിതികളും ജനാധിപത്യ രീതിയിൽ രൂപവൽക്കരിക്കുന്നതും അവയെ ശക്തിപ്പെടുത്തുന്നതുമാണ്. ബാലവേല നിരോധനംമൂലം ആശ്രിതരും ദരിദ്രരുമായിത്തീർന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയും കൂടി എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്. പാവപ്പെട്ട വിധവകൾ, അവിവാഹിതരായ അമ്മമാർ, ക്യാൻസർ, ടി.ബി., എച്ച്.ഐ.വി.യും മറ്റ് ദുർബലപ്പെടുത്തുന്ന രോഗങ്ങളും പിടിപ്പെട്ട് ദുരിതമനുഭവിച്ചുവരുന്ന വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്കും മെഡിക്കൽ സഹായം പ്രദാനം ചെയ്യുന്നതിനായി ഒരു പ്രത്യേക നിധി ഏർപ്പെടുത്തുന്നതാണ്.

65. എന്റെ സർക്കാർ ഒരു പുതിയ കായികനയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ഒരു വിശദമായ പഠനം നടത്തുന്നതിന് വേണ്ടി ഒരു സ്പോർട്സ് കമ്മീഷൻ രൂപവൽക്കരിക്കുന്നതുമാണ്. നിലവിലുള്ള സ്പോർട്സ് കൗൺസിലുകൾ ഏറ്റവും താഴെ തട്ട് വരെ വികേന്ദ്രീകരിക്കുന്നതും പുനഃസംഘടിപ്പിക്കുന്നതും എല്ലാ ജില്ലകളിലും, ജില്ലാ സ്പോർട്സ് സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനു പുറമെ ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകുന്നതാണ്.

66. ഗ്രാമപഞ്ചായത്തുതലങ്ങളിൽ "സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ" പ്രവർത്തനത്തിലൂടെ ഒരു "പ്ലാൻഡ് സെൽഫ് എംപ്ലോയ്മെന്റ്" പദ്ധതി സമാരംഭിക്കുവാൻ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. ഒരു അന്താരാഷ്ട്ര യുവജന സമ്മേളന കേന്ദ്രം തിരുവനന്തപുരത്തെ വേളിയിലുള്ള യൂത്ത് ഹോസ്റ്റൽ പരിസരത്ത് സ്ഥാപിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ട്. ദുരന്തനിവാരണത്തിനായി യുവസേന എന്ന യുവജനങ്ങളുടെ ഒരു സന്നദ്ധ സേവന സംഘം രൂപീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ്. യുവജനങ്ങളെ യാത്രയ്ക്കും വിനോദസഞ്ചാരത്തിനും കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും യൂത്ത് ഹോസ്റ്റലുകളുടെ ഒരു ശൃംഖലയ്ക്ക് യുവ അതിഥി മന്ദിരം എന്ന ഒരു പദ്ധതി, യുവജനയാത്രക്കാർക്ക് ചെലവു കുറഞ്ഞതും സുരക്ഷിതവും ശുചിത്വമുള്ളതുമായ താമസസൗകര്യം പ്രദാനം ചെയ്യുന്നതിനായി സമാരംഭിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു. തെരുവ് കുട്ടികൾ, അനാഥർ, കെയർഹോമുകളിലെയും ജുവനൈൽ ഹോമുകളിലെയും അന്തേവാസികൾ എന്നിവർ ഉൾപ്പെടെയുള്ള ദരിദ്രരും അശരണരും ആയ കൗമാരപ്രായക്കാരുടേയും ക്ഷേമത്തിനായി 'സനാഥ ബാല്യം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

67. കഴിഞ്ഞ രണ്ടു വർഷങ്ങളായി കേരളത്തിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലനിറുത്തുന്നതിൽ വാണിജ്യനികുതി വകുപ്പ് വിജയിച്ചിട്ടുണ്ട്. മൂല്യ വർദ്ധിത നികുതിയുടെ മൂലാധാരമായ സ്വയം വിലയിരുത്തൽ സംവിധാനം വ്യാപാരത്തിന് ഒരളവുവരെ ആശ്വാസം നൽകിയിട്ടുള്ളതും എന്നാൽ നികുതിദായകരെ മാന്യമായി സ്വീകരിക്കുന്നതും പരിഗണിക്കുന്നതും ഉറപ്പുവരുത്തുന്നതിന് വാണിജ്യനികുതി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യം നേടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി സർക്കാർ ഈ ഓഫീസുകൾ ഈ വർഷം തന്നെ നവീകരിക്കുന്നതാണ്. സാധാരണ ജനങ്ങളെ പണം കടം കൊടുപ്പുകാരിൽ നിന്നും, അതുപോലെ തന്നെ പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സമാഹരിച്ചതിനു ശേഷം രായ്ക്ക്രാമാനം അപ്രത്യക്ഷമാകുന്നവരിൽ നിന്നും സംരക്ഷിക്കുവാൻ സമഗ്രമായ നിയമനിർമ്മാണം എന്റെ സർക്കാർ ഈ വർഷം കൊണ്ടുവരുന്നതാണ്.

68. സംസ്ഥാനത്തെ നികുതിയേതര വരുമാനത്തിന്റെ ഒരു പ്രധാന സംഭരണ സ്രോതസ്സായി സംസ്ഥാന ഭാഗ്യക്കുറികൾ നിലകൊള്ളുന്നു. നിലവിലുള്ള പ്രതിവാര ഭാഗ്യക്കുറിക്കു പുറമെ അധികവരുമാനം ഉണ്ടാക്കുന്നതിനായി എന്റെ സർക്കാർ പ്രത്യേക ഉദ്ദേശ ബംബർ ഭാഗ്യക്കുറി ഏർപ്പെടുത്തുന്നതിനും കൂടി ഉദ്ദേശിക്കുന്നു. പദ്ധതിയിൻ കീഴിൽ വിൽപ്പനക്കാരെക്കൂടി അംഗീകരിച്ചുകൊണ്ട് പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനായി ഭാഗ്യക്കുറി ഏജന്റുമാരുടെ ക്ഷേമനിധി സമഗ്രമായി പുനഃസംഘടിപ്പിക്കുന്നത് ഈ വർഷം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

69. അബ്കാരിയുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന്, എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്റെ

സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണ്. ഫലപ്രദമായ നടത്തിപ്പിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും നൽകുന്നതായിരിക്കും. മദ്യപാനത്തിനും മയക്കുമരുന്നുപയോഗത്തിനും എതിരായി ജനകീയ പങ്കാളിത്തത്തോടെ പ്രചാരണം നടത്തുന്നതിന് സർക്കാർ കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. പരമ്പരാഗത കള്ള് ചെത്തു മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, കഴിഞ്ഞ വർഷങ്ങളിൽ അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ എന്റെ സർക്കാർ പുനരുജ്ജീവിപ്പിക്കുന്നതാണ്.

70. രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും വ്യവസ്ഥിതിയിൽ പൊതുജനങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തുന്നതിനുമായി ഭൂമിക്ക് ന്യായവില ഏർപ്പെടുത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വർഷാവസാനത്തോടെ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ സബ് രജിസ്ട്രി ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുന്നതിൽ വരുന്ന ക്രമാതീതമായ കാലതാമസം ഒഴിവാക്കുന്നതിന് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ 'ഡിജിറ്റൽ ഇമേജ് പ്രിന്റർ' സ്ഥാപിക്കുന്നത് സഹായകമായിരിക്കുന്നതാണ്. ഇതിന് മുന്നോടിയായി എറണാകുളം ജില്ലയിൽ ഇത് വിജയകരമായി ഏർപ്പെടുത്തുകയുണ്ടായി. ഈ പദ്ധതി മറ്റ് സബ്‌രജിസ്ട്രാർ ഓഫീസുകളിലും കൂടി നടപ്പാക്കുന്നതിനായി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

71. കേരളം രാജ്യത്തെ ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി തുടരുന്നു. വിദേശവിനോദ സഞ്ചാരികളുടെ വരവിന്റെ 25 ശതമാനം വളർച്ചാ നിരക്ക് രജിസ്റ്റർചെയ്ത, 2006 വർഷം സംസ്ഥാനത്തിന്റെ എക്കാലത്തേയും ഏറ്റവും നല്ല വിനോദസഞ്ചാര സീസണായിരുന്നു. 2006 വർഷത്തിൽ വിനോദസഞ്ചാരം ധാരാളം ദേശീയവും അന്തർദ്ദേശീയവുമായ അവാർഡുകൾ നേടിയിട്ടുള്ളതും

2006–ലെ ഡബ്ല്യൂ. ടി. ടി. സി.യുടെ "ടൂറിസം ഫോർ ടുമാറോ" എന്ന അവാർഡുകളുടെ മൂന്ന് ഫൈനലിസ്റ്റ് അന്തർദ്ദേശീയ കേന്ദ്രങ്ങളിൽ ഒന്നായിരുന്നു കേരളം.

72. "റെസ്പോൺസിബിൾ ടൂറിസം" എന്നത് വിനോദസഞ്ചാര വികസനത്തിൽ നമ്മുടെ പ്രവർത്തനങ്ങളുടെ മുഖ്യാകർഷണമാക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിവിധ ഇടനിലക്കാരെ ഉത്തരവാദിത്വത്തിന്റെ ചട്ടക്കൂട്ടിലേക്ക് കൊണ്ടുവരുന്നതിനും വിനോദസഞ്ചാരത്തിന്റെ നേട്ടങ്ങൾ തദ്ദേശവാസികൾക്കും പാവങ്ങൾക്കും കൂടി പങ്കുവയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു വർഷത്തേക്കുള്ള ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതുമാണ്. ആഗോളതലത്തിൽ ഈ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുന്നതിനും മറ്റു ലക്ഷ്യസ്ഥാനങ്ങളുടെ അനുഭവങ്ങൾ പഠിക്കുന്നതിനും 'റെസ്പോൺസിബിൾ ടൂറിസ'ത്തെപ്പറ്റി ഒരു അന്തർദ്ദേശീയ സമ്മേളനം ഈ വർഷം തന്നെ നടത്തുന്നതുമാണ്.

73. മനുഷ്യ വിഭവശേഷി വികസനത്തിനാണ് വിനോദ സഞ്ചാരമേഖലയിൽ പരമമായ പ്രാധാന്യമുള്ളത്. ടൂറിസം മീറ്റിംഗിൽ വച്ചിട്ടുള്ള മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തുന്ന സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നൽകുന്നതിനും ഈ കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള വേദി ഒരുക്കുന്നതിനുമായി സംസ്ഥാനത്തെ ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾക്ക് "സർട്ടിഫിക്കേഷനും അക്രഡിറ്റേഷനും ഉള്ള ചട്ടക്കൂട്" തയ്യാറാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ടൂറിസം ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതുൾപ്പെടെ ടൂറിസത്തിൽ സ്വകാര്യ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്.

74. ടൂറിസം വകുപ്പ് സമഗ്രവികസനത്തിനുള്ള പുതിയ കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. പരമ്പരാഗതമായ ഉത്സവങ്ങളും അവയോടൊപ്പമുള്ള വർണ്ണപ്പൊലിമകളും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. എന്റെ സർക്കാർ "ഉത്സവങ്ങളെയും സംഭവങ്ങളെയും സംബന്ധിച്ച ഒരു പഞ്ചവത്സര ഉത്സവ കലണ്ടർ" തയ്യാറാക്കുന്നതിനും പ്രധാന ഉത്സവങ്ങൾക്ക് സഹായം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

75. സംസ്ഥാനത്തെ കാർഷികവും വ്യാവസായികവും പോലുള്ള പരമ്പരാഗത മേഖലകളുമായി ടൂറിസം മേഖലയെ ബന്ധപ്പെടുത്തുന്നത് ശക്തമാക്കും. വ്യവസായത്തിന് സ്മരണികയായി കയർ, കൈത്തറി, കരകൗശല വസ്തുക്കൾ മുതലായവ നിർമ്മിക്കുന്ന ആളുകളെ സഹായിക്കുന്നതിനും അവയെ ശക്തിപ്പെടുത്തുന്നതിനും പരമ്പരാഗത വ്യവസായ പ്രവർത്തനങ്ങളെ ടൂറിസം ഉത്പന്നങ്ങളായി മാറ്റുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഒരു പുതിയ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. കോഴിക്കോട്ടെ ഇരിങ്ങൽ ഒരു കരകൗശല ഗ്രാമമായി വികസിപ്പിച്ചെടുക്കുന്നതാണ്. കേരള ടൂറിസത്തിന്റെ വിപണന സാദ്ധ്യതകൾ ബലപ്പെടുത്തുകയും അത് ദക്ഷിണേഷ്യൻ രാജ്യങ്ങൾ, അമേരിക്കൻ ഐക്യനാടുകൾ പോലുള്ള നവീന കമ്പോളങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്.

76. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ടതും, സത്വരവും സുതാര്യമായതും, ഉപഭോക്തൃ സൗഹൃദപരവുമായ സേവനങ്ങൾ നൽകുന്നതിനുവേണ്ടി എന്റെ സർക്കാർ മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡ്രൈവിംഗിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും, റോഡപകടങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ എടുക്കുന്നതാണ്. ഗതാഗത നിയമലംഘനം തടയുന്നതിനായി ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതാണ്. മദ്ധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കാൻ വേണ്ടി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തുന്നതാണ്.

77. നമ്മുടെ നിത്യസഞ്ചാരികളായ പൊതുജനത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കെ. എസ്. ആർ. ടി.സി. വാഹനങ്ങളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ശരിയായ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഒരു സമഗ്രവികസനം വിഭാവനം ചെയ്യുന്നു. 3000 ഡ്രൈവർമാർക്ക് പരിശീലനം നൽകിയശേഷം ഒരു ലിറ്റർ ഉപയോഗിച്ച് ഓടിക്കാവുന്ന കിലോമീറ്ററിന്റെ ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ കെ. എസ്. ആർ. ടി. സി. സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ അപകടങ്ങളുടെ എണ്ണം കഴിഞ്ഞവർഷത്തെ സംഖ്യയായ 1513-ൽ നിന്നും ഗണ്യമായി കുറഞ്ഞു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

78. സുരക്ഷിതമായ കുടിവെള്ളം സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2007-08 കാലയളവിൽ 2833 കുടിപ്പാർപ്പുകൾക്ക് ജലവിതരണം ലഭ്യമാക്കാൻ പദ്ധതിയുണ്ട്. ജെ. ബി. ഐ. സി.യുടെ സഹായത്തോടെയുള്ള കേരള ജലവിതരണ പദ്ധതി 2009-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു പി. വി. സി. ഫാക്ടറിയും ബോട്ടിലിംഗ് പ്ലാന്റുകളും ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബ്, സ്റ്റേറ്റ് ലവൽ വാട്ടർ ക്വാളിറ്റി റഫറൽ ലാബ് പദവിയിലേക്ക് ഉയർത്തുന്നതാണ്. ആലപ്പുഴയിൽ അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് എന്ന പദ്ധതിയിൻ കീഴിൽ ഒരു മുഖ്യ ജലവിതരണ പദ്ധതി നടപ്പിലാക്കാൻകൂടി ഉദ്ദേശിക്കുന്നു. കേരള ജല അതോറിറ്റിയുടെ സജീവ പിന്തുണയോടെ ബൃഹത്തായ 21 ഉപരിതല ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുവാനും നിശ്ചയിച്ചിട്ടുണ്ട്.

79. അനധികൃത കണക്ഷനുകളും, മോഷണവും, ഈ മേഖലയിലെ മറ്റുനിയമ വിരുദ്ധ പ്രവർത്തനങ്ങളും പോലെയുള്ള സംഭവങ്ങൾ തടയുന്നതിനായി ജലവിതരണത്തെ നിയന്ത്രിക്കുന്ന നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ജലാശയങ്ങളിലെ ബോട്ടിംഗ് നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും നടപടികൾ കൊണ്ടുവരുന്നതിനായി ഒരു സമഗ്ര നിയമ നിർമ്മാണം കൂടി എന്റെ സർക്കാർ നടത്തുന്നതാണ്.

80. വൻകിട ജലസേചന മേഖലയിൽ 2007 ഡിസംബറിൽ മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയും, 2008-ൽ ഇടമലയാർ ജലസേചന പദ്ധതിയും കമ്മീഷൻ ചെയ്യുന്നതിനായി ഉദ്ദേശിക്കുന്നു. കാരാപ്പുഴ ജലസേചന പദ്ധതി പൂർത്തിയായിവരുന്നു. ത്രിത്താലയിലെ ആർ. സി. ബി. യുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും അത് 2007-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതുമാണ്. പലകപ്പാണ്ടി ഡൈവേർഷൻ പദ്ധതിയുടെ നിർമ്മാണം നല്ല പുരോഗതിയിലാണ്. കല്ലട ജലസേചന പദ്ധതിയെ സി. എ. ഡി. ഡബ്ല്യു. എം. പ്രോഗ്രാമിൽ നേരത്തെതന്നെ ഉൾപ്പെടുത്തിക്കഴിഞ്ഞു. ചെറുകിട ജലസേചന മേഖലയിൽ പാലക്കാടും വയനാടും കാസർഗോഡും ജില്ലകളിൽ നബാർഡിന്റെ സഹായം പ്രയോജനപ്പെടുത്തി കർഷകർക്കുള്ള പുനരധിവാസ പദ്ധതികളുടെ കീഴിൽ 70.03 കോടി രൂപയ്ക്കുള്ള ജോലികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. കമാൻഡ് ഏരിയ വികസന പദ്ധതിയുടെ കീഴിൽ 12 പ്രോജക്ടുകളിൽ പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

81. പടിഞ്ഞാറൻ തീര കനാലിന്റെ ഭാഗമായ കോവളം-കൊല്ലം, കോട്ടപ്പുറം-ഹോസ്ദുർഗ്ഗ്, സംസ്ഥാനത്തെ മറ്റ് പോഷക കനാലുകൾ തുടങ്ങിയവയുടെ വികസനവുമായി ബന്ധപ്പെട്ട ജോലികൾ ആരംഭിച്ചിട്ടുണ്ട്. വരും വർഷത്തിൽ കൊല്ലം

മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത III പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എല്ലാ സാധ്യമായ നടപടികളും എന്റെ സർക്കാർ എടുത്തു വരികയാണ്.

82. ബഹുമാന്യരായ അംഗങ്ങളെ, നിങ്ങൾക്കറിയാവുന്നതു പോലെ, ആധുനിക കേരള സംസ്ഥാനത്തിന് അടിത്തറ പാകിയ 1957-ലെ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഒന്നാം കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റതിന്റെ സുവർണ്ണ ജൂബിലി വർഷമാണിത്. ആ സർക്കാർ തുടങ്ങിവെച്ച വികസനവും ക്ഷേമപരിപാടികളുമാണ് നമ്മൾക്കു മാതൃകയായിരിക്കുന്നത്. തുടർന്നുവന്ന ഇടതുപക്ഷ ജനാധിപത്യ സർക്കാരുകൾ ഇ. എം. എസ്. സർക്കാരിന്റെ നയങ്ങൾ പിന്തുടരുകയും ചെയ്തു. എന്റെ സർക്കാർ ഈ നയങ്ങൾ ശക്തമായി പിന്തുടരുന്നതാണെന്നും ഇടതുപക്ഷ ജനാധിപത്യ തത്വങ്ങളും നയങ്ങളും നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിൽ മാർഗ്ഗദർശകമായിരിക്കുമെന്നും കേരളജനതയോട് വാഗ്ദാനം ചെയ്യുന്നു. ഇതിനായി, എന്റെ സർക്കാർ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടേയും സഹായസഹകരണങ്ങൾ തേടുന്നു.

**ജയ് ഹിന്ദ്**